DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

Vol. 22 No. 10, 2011 October 15

എഡിറ്റോറിയൽ

# നിയന്ത്രണം വേണം

**കേ**രളത്തിൽ കഴിഞ്ഞ L.D.F. ഭരണകാലത്ത് സ്ത്രീകളുടെയും കുട്ടികളുടെയും അവകാശസംരക്ഷണത്തിനും ക്ഷേമത്തിനും വേ ശുപാർശകൾ വയ് ക്കുന്നതിനായി ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി ഒരു പന്ത്രംഗ സമിതിയെ നിയമിക്കുകയുായി. സമിതി അതിന്റെ നിർദ്ദേശങ്ങൾ അടങ്ങുന്ന 'വനിതാ കോഡ് ബിൽ' നക്കൽ രൂപത്തിൽ കഴിഞ്ഞ സെപ്തംബർ 24 ന് ഉമ്മൻ ചാി സർക്കാരിന് സമർപ്പിച്ചു. പ്രസ്തുത നിർദ്ദേശസമാഹാരത്തിലെ അധികം വകുപ്പുകളും ഗുണകരവും സ്വാഗതാർഹവുമായി വിലയിരുത്തപ്പെട്ടിട്ടു്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, സ്വീകാര്യമായ അത്തരം നല്ല നിർദ്ദേശങ്ങൾക്കല്ല പ്രത്യുത, വിവാദപരമായ ചുരുക്കം ചിലതിനാണ് മാധ്യമങ്ങൾ പ്രാധാന്യവും പ്രചാരണവും നൽകിക്കാണുന്നത്.

വനിതാകോഡ് ബില്ലിൽ ജനസംഖ്യാ നിയന്ത്രണം സംബന്ധിച്ച് പറയുന്ന പ്രഥമ അദ്ധ്യായത്തിലാണ് മതനേതൃത്വങ്ങൾക്കും വിശ്വാസികൾക്കും യോജിക്കാൻ കഴിയാത്ത ശുപാർശകൾ ഉള്ളത്. സർക്കാർ നൽകിവരുന്ന സൗജന്യങ്ങളും സാമ്പത്തീക സഹായങ്ങളും ര് കുട്ടികളിൽ കൂടുതലുള്ള കുടുംബങ്ങൾക്ക് അനുവദിക്കുന്നതല്ല, കുട്ടികൾ ഒന്നോ രാേ ആയി ക്രമീകരിക്കുന്ന കുടുംബങ്ങൾക്ക് സർക്കാരിൽ നിന്ന് കൂടുതൽ ആനുകൂല്യങ്ങൾ നൽകണം, മനഃപൂർവ്വമായും തുടർച്ചയായും 'ര് കുട്ടി പ്രമാണം' ലംഘിക്കുന്നവർക്ക് പിഴ യും ജയിൽ ശിക്ഷയും നൽകണം, ഭ്രൂണഹത്യ നിയമപരമാക്കുകയും എല്ലാ ആശുപത്രികളിലും സുരക്ഷിതമായ M.T.P. (Medical Termination of Pregnancy) സൗകര്യം ഏർപ്പെടുത്തുകയും വേണം എന്നിങ്ങനെയുള്ള നിർദ്ദേശങ്ങളാണ് വിമർശനത്തിനും എതിർപ്പിനും വിധേയമായിരിക്കുന്നത്.

വനിതാകോഡ് ബില്ലിലെ നിർദ്ദേശങ്ങൾ കമ്മീഷൻ അംഗങ്ങളുടെ ഏകകണ്ഠമായ അംഗീകാരമുള്ളവയല്ലെന്നും, അവരിൽ ചിലരുടെ എതിർപ്പുകൾ അവഗണിച്ചുകൊള്ളവയാണെന്നും, മറ്റു ചിലവ എല്ലാവരുടെയും അറിവുപോലും ഇല്ലാത്തവയാണെന്നും അംഗങ്ങളിൽ നിന്നുതന്നെ ആക്ഷേപങ്ങൾ ഉായിട്ടു്. എന്നാൽ ദേശീയ ജനനനിയന്ത്രണ നയത്തിന്റെ അടിസ്ഥാനത്തിൽ ഈ ശുപാർശകൾ അത്രയും ഉറപ്പായും നിയമരൂപത്തിലാക്കി നടപ്പിലാക്കേണ്ടതാണെന്ന് സമിതി അദ്ധ്യക്ഷൻ വിമർശനങ്ങൾ ഉയർന്നതിനുശേഷവും തറപ്പിച്ച് ആവശ്യപ്പെടുന്നു.

ബില്ലിലെ മേൽപ്പറഞ്ഞ വകുപ്പുകളോട് കേരളത്തിലെ മിക്ക സഭാവിഭാഗങ്ങളും അവരുടെ പ്രസ്താവനകളിലൂടെ എതിർപ്പ് പ്രകടമാക്കി. ഹിന്ദു ഐക്യവേദി, ഭാരതീയ വിചാരകേന്ദ്രം, ജമായത്ത് ഇസ്ലാം തുടങ്ങിയ മതസംഘടനകളും അവരുടേതായ കാരണങ്ങൾ ഉന്നയിച്ച് പ്രതിഷേധം രേഖപ്പെടുത്തിയിട്ടു്. കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രി ഗുലാം നബി ആസാദ് ബില്ലിനെ അതിലെ ചില വകുപ്പുകളുടെ അടിസ്ഥാനത്തിൽ 'പരിഹാസ്യം' (ridiculous) എന്നാണ് വിശേഷിപ്പിച്ചത്.

കുടുംബമില്ലാത്ത മെത്രാന്മാർ, വൈദീകർ, കന്യാസ്ത്രീകൾ, സന്യാസിമാർ എന്നിവരുടെയൊക്കെ കുടുംബാസൂത്രണ വിഷയവുമായി ബന്ധപ്പെട്ട എതിർപ്പുകൾ അത്ര ഗൗരവമായി എടുക്കേണ്ടതാണെന്ന് തോന്നുന്നില്ല. അവർക്ക് കുടുംബജീവിതത്തിലെ പ്രായോഗിക അനുഭവങ്ങൾ ഇല്ലല്ലോ. ദേശീയ കുടുംബാസൂത്രണനയം ഇതുവരെ ഔദ്യോഗികമായി അംഗീകരിക്കാതിരുന്നിട്ടും വിവരമുള്ള സഭാംഗങ്ങൾ ഭൂരിപക്ഷവും സ്ഥിരമായ ജനനനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചുകഴിഞ്ഞിട്ടു് എന്നത് ഈ ആശയത്തിന് തെളിവാണ്.

എതിർക്കപ്പെടുന്ന വകുപ്പുകൾ ജനനനിയന്ത്രണവുമായി ബന്ധപ്പെട്ടവയായതിനാൽ അതിന്റെ ആവശ്യം ചർച്ചചെയ്താൽ പ്രശ്നത്തിന് ഉത്തരം കാണാൻ എളുപ്പമായി. അതായത് ജനനനിയന്ത്രണം ഇന്നത്തെ ആവശ്യമാണോ എന്നതാണ് അടിസ്ഥാനമായ പ്രശ്നം. ഇന്ത്യയുടെ ജനസംഖ്യ ഇപ്പോൾ 120 കോടിയിൽ കവിഞ്ഞിരിക്കുന്നു. ലോകജനസംഖ്യയുടെ 20 ശതമാനം! സ്വാതന്ത്ര്യലബ്ധിയുടെ കാലത്ത് അത് 40 കോടിയേ ആയിരുന്നുള്ളൂ. ജനസംഖ്യാവളർച്ച ഈ നിരക്കിൽ തുടർന്നാൽ അടുത്ത കാൽശതകത്തിനകം ഇന്ത്യ ചൈനയുടേതിനെയും മറികടന്ന് ലോകത്ത് ഒന്നാം സ്ഥാനത്തെത്തും. രാജ്യത്തിന്റെ സാമ്പത്തികവളർച്ചയെയും ക്ഷേമപ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന ഏറ്റവും ഗൗരവമേറിയ പ്രതിസന്ധിയാണ് ഇത്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നുവേ ശുദ്ധജ ലവും ശുദ്ധവായുവും പോലും ലഭ്യമല്ലാതെവരും. ഇന്ധനക്ഷാമം, പരിസ്ഥിതി മലിനീകരണം, വികിരണാപകടം, പകർച്ചവ്യാധികൾ എന്നിവയെല്ലാം നിയന്ത്രണാതീതമാകും. ജനസംഖ്യാവർദ്ധനവ് ഇന്നത്തെ നിലയിൽ തുടർന്നാൽ അത് ആത്മഹത്യാപരമായ സാഹചര്യ

## EDITORIAL BOARD

President
**H. G. Dr. Thomas Mar Athanasius**
Metropolitan

Chief Editor
**Fr. Abraham Karammel**

Mg.Editor
**Mr. P. J. Varghese**

Associate Editor
**Fr. Kochuparambil Geevarghese Ramban**

Technical Adviser
**Mr. George Paul**

Members
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.dioceseofkandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**നിയന്ത്രണം വേണം**................................ 1

**സഭാശുശ്രൂഷയിൽ ര് പതിറ്റാുകൾ – 18** ..... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**അത്ഭുതം ആത്മീയതയുടെ അവസാന വാക്കല്ല**... 9
ഫാ. എഡ്വേർഡ് ജോർജ്

**സഭൈക്യം: നിത്യജീവനായുള്ള ദൗത്യം** ........... 12
ഫാ. ബിനോയ് ജോൺ

**സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം** .............................. 14
കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ

**നിന്നെ പകയ്ക്കുന്നവനെ നിന്റെ സ്നേഹിതനായി കണക്കാക്കുക**......... 15
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ഈ വിധി ശ്രദ്ധിച്ചോ?** .......................... 18
സുകുമാർ അഴീക്കോട്

**വാർത്തകൾ – അറിയിപ്പുകൾ**.................. 20


മാണ് സൃഷ്ടിക്കുക. സ്വയം ആ ലോചിച്ചാൽ ആർക്കും മന ിലാകുന്ന കാര്യമാണിത്. ജനസംഖ്യ സ്ഫോടനാത്മക മായി തീരുന്നതിനു മുമ്പ് ജനനനിയന്ത്രണം കർശനമായി പാലിക്കേത്ു. ഈ വസ് തുത അംഗീകരിച്ച് പ്രവർത്തിക്കേത് ഓരോ പൗരന്റെയും കടമയാണ്. ഇതിനെതിരെ ആരെന്തു പറഞ്ഞാലും അത് സ്വാർത്ഥതാപരമായേ കരുതാനാവൂ. സന്താനങ്ങളുടെ എണ്ണം ഇന്ത്യയുടെ ദേശീയ നയമെന്ന ന ിലയിൽ രണ്ട് കർശനമായി നിജപ്പെടുത്തേത്ു. ഫലം അപ ര്യാപ്തമെന്നുകാൽ വീുമത് ചൈനയിലേതുപോലെ ഒന്നായി കുറയ്ക്കുകയും വേണം.

ജനനനിയന്ത്രണം അനിവാര്യമെന്ന് ബോധ്യപ്പെട്ടാൽ അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചേ ആലോചിക്കേതുള്ളൂ. രേ ാഗം വന്നശേഷം ചികിത്സിച്ച് സുഖപ്പെടുത്തുന്നതിനേക്കാൾ ഭേദം രോഗം വരാതെ സൂക്ഷിക്കുന്നതാണെന്ന പ്രമാ ണം ഇവിടെയും പ്രായോഗികമാക്കണം. അതായത് ഗർഭധാരണം നടന്നശേഷം അത് ഒഴിവാക്കുന്നതിനേക്കാൾ നല്ലത് അതു കാതെ കരുതൽ നടപടി സ്വീകരിക്കുന്നതാണ്. അ തിന് ഫല പ്രദവും നിരപായവും സ്ഥിരവുമായ മാർഗ്ഗം ഇന്ന് ശാസ്ത്രം കത്തെിയിട്ടു്. വന്ധീകരണശസ്ത്രക്രിയ സ് ത്രീയിലും പ ുരുഷനിലും അപകടരഹിതമായി നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ഇന്ന് രാജ്യമെമ്പാടും ഉള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിൽ പോലുമു്. ര് സന്താനങ്ങളുള്ള ദമ്പതികളിൽ വന്ധീകരണം നിർബന്ധിതമാക്കുകയേ വേൂ. സ്ത്രീയേയൊ പുരുഷനേയൊ ഒഴിവാക്കേതില്ല. ഒഴിവാക്കുകയുമരുത്. അപ്പോൾ അത് താമസംവിനാ ഒരു ആചാരമായിക്കൊള്ളും. താലികെട്ടും, ഞാണുകെട്ടും, മാമോദീസായും സുന്നത്തും പേ ാലെ. തീർന്നില്ലേ പ്രശ്നം?

അതിനിടയിൽ വയനാട്ടിൽ നിന്നൊരു വാർത്ത. കല്പ്പറ്റ യിലെ വിൻസെന്റ് ഡി പോൾ ഫെറോനപള്ളിക്കാർ അഞ്ചാം കുട്ടി ജനിക്കുന്ന ദമ്പതിമാർക്ക് പതിനായിരം രൂപയുടെ എഫ്. ഡി. നിക്ഷേപം വാഗ്ദാനം ചെയ്യുന്നു! രിലധികം കുട്ടികൾക്ക് ജന്മം നൽകുന്ന ദമ്പതികൾക്ക് പതിനായിരം രൂപ വരെ പ ിഴയിടണമെന്ന വനിതാകോഡ് ബില്ലിലെ നിർദ്ദേശത്തിന് ബദ ലല്ല ഈ പ്രഖ്യാപനമെന്ന് സംഘടനകൾ പറയുന്നുങ്കെിലും അതിന് ജനം വിശ്വാസ്യത കല്പിക്കുമെന്ന് തോന്നുന്നില്ല. നാലുകുട്ടികളുള്ള മാതാപിതാക്കളെ ഇടവകയോഗത്തിൽ അനുമോദിക്കുകയും ചെയ്യും പോലും. "പണമുള്ളവർക്ക് മക്കൾക്ക് പരിധിവേ." എന്നു പാരാ് പറഞ്ഞതുപോലുള്ള തോന്ന്യാസ പ്രസ്താവനകൾ ജനമൈത്രി തകർക്കും. ഹിന്ദു ഐക്യവേദി സംസ്ഥാന സെക്രട്ടറിയുടെ അഭിപ്രായം ശ്രദ്ധി ക്കുക. വനിതാകോഡ് ബില്ലിനെ പരാമർശിച്ചുകൊുള്ളതാണ്. സർക്കാർ ഏതൊരു നിയമനിർമ്മാണം നടത്തുമ്പോഴും മതന ്യൂനപക്ഷങ്ങൾക്ക് അതിൽ നിന്ന് വഴുതി രക്ഷപെടാൻ ഒരു വകുപ്പുായിരിക്കും. നിയന്ത്രണങ്ങളുടെ ദോഷഫലങ്ങളെല്ലാം പേറിവരിക ഭൂരിപക്ഷമായ ഹിന്ദുമതാനുയായികൾക്ക് മാത്ര മായിരിക്കും. ഇത്തരം ഒരു ചിന്ത ജനിപ്പിക്കാതിരിക്കുന്നതിൽ ഇന്ത്യപോലുള്ള ഒരു മതനിരപേക്ഷ ജനാധിപത്യരാജ്യത്ത് ന ്യൂനപക്ഷ മതങ്ങളും പങ്കുവഹിക്കേതില്ലേ?

മാനേ. എഡിറ്റർ

# സഭാശുശ്രൂഷയിൽ
# ര് പതിറ്റാുകൾ - 18

ഡോ. തോമസ് അത്താനാസ്യോസ്

**ഫി**ലിപ്പിന്റെ കേസറിയായിലൂടെ സഞ്ചരിക്കുമ്പോൾ യേശു തന്റെ ശിഷ്യന്മാരോട് ഒരിക്കൽ ചോദിച്ചു, "ഞാൻ ആരെന്നാണ് മറ്റുള്ളവർ പറയുന്നത്?" ശിഷ്യന്മാർ ജനത്തിന്റെ അഭിപ്രായങ്ങൾ ഗുരുവിനെ പറഞ്ഞു കേൾപ്പിച്ചു. തന്റെ സന്തത സഹചാരികളായ ശിഷ്യന്മാർക്ക് തന്നെക്കുറിച്ചുള്ള ധാരണ എന്തെന്നായിരുന്നു അടുത്ത ചോദ്യം. അതിന് മറുപടി ശീമോൻ പത്രോസാണ് പറയുന്നത്. ഉത്തരം ശരിയാണെങ്കിലും പുറത്ത് ആരോടും അത് പറയേത്തില്ലെന്ന നിരോധനം യേശു പത്രോസിന് നൽകി. ഇവിടെ യേശു തന്നെപ്പറ്റി പൊതുജനത്തിന്റെ ധാരണയും ശിഷ്യഗണത്തിന്റെ വിലയിരുത്തലും അറിയാൻ ആഗ്രഹം പ്രകടിപ്പിക്കുന്നു. എന്നാൽ സമൂഹ പ്രമാണികളായ ശാസ്ത്രാദ്ധ്യാപകർ, സാദൂക്യർ, പരീശർ മുതലായവർ എന്താണ് തന്നെപ്പറ്റി അഭിപ്രായപ്പെടുന്നതെന്ന് അദ്ദേഹം തെരക്കുന്നില്ല. കാരണം അവർക്ക് യേശുവിനെ വിലയിരുത്താനാവില്ല. അവരുടെ ഉള്ളിൽ നിറയെ യേശുവിനോടുള്ള വിരോധമാണ്. സത്യം അറിയാനാവാത്തവിധം മന ിൽ വിദ്വേഷ തിമിരം ബാധിച്ച ആൾക്കാരണവർ. സത്യസന്ധമായ വിലയിരുത്തലുകൾ അനുകൂലമോ പ്രതികൂലമോ ആയിരുന്നാൽ തന്നെയും, ഒരു വ്യക്തിയെ സ്വയം കത്തെുവാൻ സഹായിക്കുന്നതാണ്. ചുരുങ്ങിയത് വിമർശകന്, ആ വ്യക്തിക്ക് അതുമൂലം ഗുണം സിദ്ധിക്കണം എന്ന സദുദ്ദേശ്യമുായിരുന്നാൽ മതി. വസ്തുനിഷ്ഠമായ വിലയിരുത്തലുകൾ ഒരു മനുഷ്യന്റെ ന്യൂനതകളെയും മേന്മകളെയും പറ്റി സ്വയം മന ിലാക്കുവാൻ പ്രയോജനപ്രദമാണ്.

യേശു ചോദിച്ചതുപോലെ ഞാ നാരോടും എന്നെപ്പറ്റിയുള്ള അഭിപ്രായം ആരാഞ്ഞിട്ടില്ല. അറിയണം എന്ന ആഗ്രഹമില്ലാത്തതിനാലല്ല. ചോദിക്കാതെ തന്നെ ഏറെ കേൾക്കുവാൻ സാധിക്കുന്നതുകൊാണ്. മാധ്യമങ്ങൾ ഏത് തരത്തിലും തലത്തിലും ഉള്ളതുകൊ് അഭിപ്രായങ്ങൾക്ക് യാതൊരു പഞ്ഞവുമില്ല. പി ന്നെ യേശുവിനെപ്പോലെ ചോദിക്കാനുള്ള ആത്മധൈര്യവും എനിക്കില്ലെന്ന് വച്ചോളൂ. എന്താണ് മറ്റുള്ളവരിൽ നിന്ന് കേൾക്കേി വരുന്നതെന്ന് അറിയില്ലല്ലോ! ഉത്തരം പറയുന്നവർ സത്യസന്ധമായി അത് ചെയ്യണമെന്നുമില്ല. നേരിട്ട് എന്നെപ്പറ്റി അഭിപ്രായ പ്രകടനമൊന്നും നടത്താറില്ലെങ്കിലും ശത്രുക്കളുടെയും, മിത്രങ്ങളുടെയും എന്നെ വ്യക്തിപരമായി അറിയാത്തവരുടെ പോലും റിമാർ ക്കുകൾ പലപ്പോഴും എന്നിലെത്താറു്. അവയിൽ പലതും വെറുതെ എന്നെയൊന്ന് കുത്തിവേദനിപ്പിക്കണം എന്നതിലുപരി ലക്ഷ്യമൊ ന്നും ഉള്ളവയല്ല. എന്നാൽ മറ്റു പലതും ജീവിതത്തിൽ സ്വയം തിരുത്തലിന് എന്നെ പ്രേരിപ്പിക്കുന്നവയാണ്. വേറെ ചിലതാകട്ടെ, ഞാനറിയാത്ത എന്റെ നന്മകളെയും കഴിവുകളെയും ഉയർത്തിക്കാട്ടുന്നവയും. ജീവിതത്തിൽ ഉയർന്ന ലക്ഷ്യങ്ങളും നല്ല സ്വപ്നങ്ങളും വച്ചുപുലർത്താൻ പ്രചോദനം നൽകുന്നവയുമാണ്. എന്റെ ജീവിതം എന്തായിത്തീരണം എന്ന് അവർ ആഗ്രഹിക്കുന്നു എന്നതിന്റെ സൂചനയായിട്ടാണ് ഞാനവയെ കാണുന്നത്. ഇനിയും ചിലത് ദുർഘട സന്ധികളിൽ തുടർപോരാട്ടത്തിനും പുനരർപ്പണത്തിനും പുതുശക്തി പകരുന്നവയുമാണ്.

സഭാജീവിതത്തിലെ പ്രത്യേക ഘട്ടങ്ങളിൽ വ്യക്തമായ ചില നിലപാടുകൾ എടുക്കാൻ ഞാൻ നിർബന്ധിതനായിട്ടു്. മലങ്കരസഭാകേ ് സംബന്ധിച്ച 1995 ലെ സുപ്രീംകോടതി വിധിക്കുശേഷം എന്തുവിലകൊടുത്തും ഇരുവിഭാഗങ്ങളും യോജിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. കാരണം ഐക്യത്തിന് ആധാരമായ ഒരു രേഖ ആ വിധിയിലൂടെ കൈവന്നുകഴിഞ്ഞിരുന്നു. പിന്നീടുള്ള വിലപേശലുകളും നടപടികളും സ്ഥാനങ്ങൾക്കും അധികാരങ്ങൾക്കും വേിയുള്ളവ മാത്രമായിന്നു. അന്ന് യോജിക്കാൻ കഴിയാത്ത വിഭാഗങ്ങൾക്ക് ഇന്ന് സ്വന്തം നിലനിൽപ്പിന് നൽകേിവരുന്ന വില എത്രവലുതാണെന്ന് ആരെങ്കിലും ചിന്തിക്കുന്നുോ എന്നറിയില്ല. ഈ വിശ്വാസസമൂഹത്തിന്റെ ഭദ്രതയ്ക്കും സാക്ഷ്യത്തിനും ഭാവിക്കും ഐക്യം എത്രയോ സഹായകമായിരുന്നേനേ എന്ന് ഇന്നും തിരിച്ചറിയാത്തവരല്ലേ സഭയിൽ ബഹുഭൂരിപക്ഷവും! ആ സാഹചര്യത്തിൽ ഞാനെടുത്ത നിലപാടിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് പലരും എന്നെ വിലയിരുത്തുന്നത്. തീർച്ചയായും ആശയതലത്തിൽ എന്നതിനേക്കാൾ ഏറെ വ്യക്തിപരമായ ആക്ഷേപങ്ങളാണ് കേൾക്കുന്നതെന്ന് മാത്രം.

ഒരുകാലത്ത് ഒന്നിച്ചുായിരുന്ന സഹയാത്രികരുടെ ചില പ്രസിദ്ധീകരണങ്ങൾ സൗജന്യമായി അവർ എനിക്ക് അയച്ചുതരാറു്. അതിലെ ആഭാസമായ ഭാഷാപ്രയോഗങ്ങളും ശൈലിയും വസ്തുതകൾ വളച്ചൊടിക്കുന്ന രീതിയും വ്യക്തിപരമായ ആക്ഷേപങ്ങളുമെല്ലാം ഞാൻ ശ്രദ്ധിക്കാറു്. അവയിലെ അടുത്ത് പരിചയമുള്ള എഴുത്തുകാർ അണിഞ്ഞിരിക്കുന്ന പൊയ്മുഖങ്ങളും സത്യം മൂടിവെയ്ക്കാൻ നടത്തുന്ന കൗശലങ്ങളും

എന്നെ അധികം സ്പർശിക്കാറില്ല. എങ്കിലും സ്വയം വിലയിടിക്കുന്ന വിധം തരംതാഴ്ന്ന രചനകൾ സഭാ മാസികകളിൽ കാ ണുമ്പോൾ ദുഃഖം തോന്നാറ്യ്. 'വിശ്വാസ സംര ക്ഷകൻ' എന്നാണ് അവയിൽ ഒരു പ്രസിദ്ധീകരണത്തി ന്റെ പേരുത ന്നെ. ഇതിൽ കാണുന്ന വിശ്വാ സവും അത് പ്രകടിപ്പിക്കുന്ന സംസ് ക്കാരവും ഈ നാട്ടിൽ പരന്നാൽ നാടുവിട്ടോടുന്നതായിരിക്കും ഭേദ മെന്ന് പലപ്പോഴും ചിന്തിക്കാ റ്യ്. സ്വകാര്യ ജീവിതത്തിലെ അ സം തൃപ്തി സൃഷ്ടിക്കുന്ന അധമ-നിഷേധ വികാരങ്ങളുടെ സ്വാധീന ത്തിൽ നടക്കുന്ന രചനകളിൽ നിന്ന് മറ്റെന്തെങ്കിലും പ്രതീക്ഷിക്കുന്നതി ലും അർത്ഥമില്ല. എന്നെപ്പറ്റി അതിൽ വരുന്ന പരാമർശങ്ങൾ എനിക്ക് പ്ര യോജനപ്പെടുന്നില്ല എന്നുമാത്രം പ റഞ്ഞ് അവസാനിപ്പിക്കട്ടെ!

ഒരിക്കൽ ഇടുക്കിയിൽ എന്റെ മേൽനോട്ടത്തിലുള്ള സെയന്റ് മേ രീസ് പള്ളി മറുപക്ഷക്കാർ കയ്യട ക്കി. സർക്കാർ എതിർനടപടികൾ ഒന്നും എടുക്കാത്ത സാഹചര്യ ത്തിൽ ഞാൻ ഏതാനും ദിവസം അവിടെ ഉപവാസമനുഷ്ഠിച്ചു. ആ നാളുകളിൽ പള്ളിയകത്ത് അനധി കൃതമായി കയറിക്കൂടി പതിവിൻപ ടി 'പ്രാർത്ഥനായജ്ഞം' നടത്തിയി രുന്ന മുമ്പത്തെ എന്റെ 'ആടുകൾ' സന്ധ്യാനമസ് കാര സമയത്ത് അത്യുച്ചത്തിൽ ഇപ്ര കാരം ന ീട്ടിച്ചൊല്ലി കൊടുക്കുന്നുായിരുന്നു.

'കള്ളനാണേ,
അവൻ കള്ളനാണേ,
അത്താനാസ്യോസ് കള്ളനാ ണേ,
പെരുങ്കള്ളനാണേ!'

കൊച്ചുകുഞ്ഞുങ്ങൾ ഉച്ചഭാ ഷിണിയിലൂടെ അത് ഏറ്റുപാടും. അല്പസ്വല്പം കള്ളത്തരമൊക്കെ അന്വേ ഷിച്ചാൽ എന്നിൽ കത്തൊ നാവുമെന്ന് എനിക്കും ചിന്തയ്. എ ന്നാൽ ഒരു പ്രൊഫഷണൽ കള്ള നാകാനുള്ള യോഗ്യതയൊന്നും എനിക്കില്ലെന്നാണ് എന്റെ വിചാരം. ഗാനാത്മകമായ ഈ അവഹേളന ഗീതം ഈണത്തിൽ ചൊല്ലുന്നത് കേൾ ക്കാൻ രസമ്യ്. ഞാനും അത് ആ സ്വദിച്ചു. എങ്കിലും എട്ടുംപൊട്ടും തിരിയാത്ത പിഞ്ചുകുഞ്ഞുങ്ങളെ ദുരുപയോഗം ചെയ്ത് ഒരു മതാദ്ധ്യ ക്ഷനെ പരസ്യമായി കള്ളൻ എന്നു വിളിപ്പിച്ച് ആക്ഷേപിച്ച് ആ കുട്ടിക ളിൽ അധമവികാരങ്ങൾ വളർത്തു കയാണല്ലോ ഇതുവഴി സംഭവി ക്കുന്നത് എന്നായിരുന്നു എന്റെ ദുഃഖം. ഇതൊഴിച്ച് പ്രത്യേക പ്ര തികരണമൊന്നും ഇത്ത രം ആക്ഷേ പഹാസ്യങ്ങൾ എന്നിൽ സൃഷ്ടിക്കാ റില്ല. വിരോധമൊന്നും ഇ തിനു പ ിമ്പിലുള്ളവരോട് തോന്നാറുമില്ല. എന്നാൽ സ്വാഭാവഹത്യയ്ക്കുവേി കുരുന്നു മന ുകളെപ്പോലും ഉപ യോഗപ്പെടുത്തുന്നത് സ്വന്തം സ മൂഹത്തിന്റെ സംസ്ക്കാരം വെളിപ്പെ ടുത്തുകയാണ് ചെയ്യുന്നതെന്ന കാ ര്യം അറിയുന്നത് നല്ലതായിരിക്കും.

എന്നാൽ മത-സഭാരംഗങ്ങളി ലും പൊതുസമൂഹത്തിലും കഴിഞ്ഞ കാലങ്ങളിലെല്ലാം നല്ല പ്രതികരണം സൃഷ്ടിക്കുവാൻ എനിക്ക് സാധിച്ചി ട്ട്. 1990 ആദ്യപകുതിയിൽ തന്നെ കേരളത്തിലെ സാമൂഹ്യ, സാമ്പത്തീ ക രംഗങ്ങളിൽ ഞാൻ തുടർച്ചയായി ഇടപെട്ടിരുന്നു. അത് സംബന്ധിച്ച് ദേശാഭിമാനി ദിനപത്രം അതിന്റെ എഡിറ്റോറിയൽ പേജിൽത്തന്നെ പേ രുവച്ചെഴുതിയ സാമാന്യം ദീർഘ മാ യ ഒരു ലേഖനം എന്റെ പെ ാതുസമൂഹത്തിലെ ഇടപെടൽ സ്വാ ഗതം ചെ യ്തുകൊള്ളതായിരുന്നു എന്ന് ഞാനിന്നും ഓർമ്മിക്കുന്നു. കക്ഷിരാഷ്ട്രീയത്തിൽ താല്പര്യ മില്ലാത്ത ഒരു വ്യക്തിയാണെങ്കിലും വ്യക്തമായ ഒരു രാഷ്ട്രീയ കാഴ്ച പ്പാടുള്ള ഒരു ദിനപത്രത്തിന്റെ സാക്ഷ്യം പൊതുരംഗത്ത് തുടർന്നും ഇടപെടാൻ എനിക്ക് ഏറെ പ്രേരണ നൽകി.

എന്റെ ചില ആദ്യകാല ലേഖന ങ്ങൾ സമാഹരിച്ച് ഫാ. പി.ജി ചെറി യാൻ (ഇപ്പോൾ സഖറിയാസ് മാർ നിക്കലാവോസ് തിരുമേനി) 'സഭ സമൂഹത്തിൽ' എന്ന പേരിൽ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചു. വേ ത്ര എഡിറ്റിംഗ് കൂടാതെ തട്ടിക്കൂട്ടി പ്രസിദ്ധീകരിച്ചതായിരുന്നെങ്കിലും കാര്യമായ ജനശ്രദ്ധ അതിന് ലഭി ച്ചു. ആയിടയ്ക്ക് പൊതുരംഗത്ത് പ്ര ശസ്തരായ ഏതെങ്കിലും നേതാവി നോട് ആ ആഴ്ചയിൽ വായിച്ച പു സ്തകത്തെപ്പറ്റിയും അതിന്റെ വില യിരുത്തൽ സംബന്ധിച്ചും അന്വേ ഷിച്ച് അവതരിപ്പിക്കുന്ന തുടർ പ ംക്തി മലയാളമനോരമ സൺഡേ സപ്ലിമെന്റ് പ്രസിദ്ധീകരിച്ചു വന്നി രുന്നു. ഈ ചോദ്യം ഇ.എം.എസ്. നോട് ചോദിച്ച ആഴ്ച അദ്ദേഹം എന്റെ മേൽപ്പറഞ്ഞ ഗ്രന്ഥമായി രുന്നു വായിച്ചുകൊിരുന്നത് എന്നു പറഞ്ഞു. മാത്രമല്ല, അതിന്റെ ഉള്ളടക്കത്തെപ്പറ്റി നല്ല അഭിപ്രാ യവും പ്രകടിപ്പിച്ചു. ആ പുസ്തകം വായിച്ചുതീർന്നശേ ഷം അദ്ദേഹം ദേശാഭിമാനി വാരികയിൽ അതി നെക്കുറിച്ച് മൂന്ന് പേജുകൾ വരുന്ന ഒരു നല്ല ആസ്വാദനവും പ്രസിദ്ധീ കരിച്ചു. ആയിടെ അമേ രിക്കൻ സന്ദർശനത്തിലായിരുന്ന എന്നെ അവിടെ വച്ച് നിക്കലാവോസ് തിരു മേനിയാണ് വാരികയുടെ കോപ്പി കാണിച്ചത്. അന്ന് ഒരു കൊച്ചുമെ ത്രാച്ചനായിരുന്ന എനിക്ക് ഇ.എം.എ സിനെപ്പോലെയുള്ള ഒരു രാഷ്ട്രീയ ചിന്തകൻ എഴുതിയ ഗ്രന്ഥനിരൂപ ണം ഏറെ ആത്മവിശ്വാസവും അഭിമാനവും നൽകി. അത് പാത്രി യർക്കീസ് പക്ഷക്കാരുടെ ഏതെ ങ്കിലും മഞ്ഞപ്പത്രത്തിന് തകർക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. താമസി യാതെ എ.കെ.ജി. സെന്ററിൽ ഒരു വിഷയാവതരണത്തിന് ഇ.എം.എ സ്. തന്നെ എന്നെ ക്ഷണിച്ചെങ്കിലും ഈ ഭദ്രാസനത്തിലെ ചില അടി യുറച്ച കോൺഗ്ര സുകാരായ വല്യച്ച ന്മാർക്ക് അവരുടെ മെത്രാൻ എ.കെ. ജി. സെന്ററിൽ പോവുക എന്നത് സങ്കല്പിക്കുവാൻ കൂടി കഴിയാത്ത പാപമായിരുന്നതുകൊ്, സമീപകാ ലത്ത് പട്ടമേറ്റ് അവരുടെ സംരക്ഷ ണത്തിൽ കഴിഞ്ഞുവന്നിരുന്ന ഒരു

കൊച്ചുമെത്രാൻ എന്ന നിലയിൽ എനിക്ക് ആ ക്ഷണം സ്വീകരിക്കാനായില്ല. എങ്കിലും ഈ ക്ഷണം ഒരു അംഗീകാരമായി ഞാൻ കരുതി. ആ കാലത്ത് ഞാൻ കേരളാ കൗൺസിൽ ഓഫ് ചർച്ചസ് (K.C.C.) ന്റെ അദ്ധ്യക്ഷനായിരുന്നതുകൊ ് പൊതുരംഗത്ത് ഇടപെടാനുള്ള സാധ്യതയും സന്ദർഭങ്ങളും എനിക്കായിരുന്നു. അതെല്ലാം ഒരുവിധം ഉപയോഗപ്പെടുത്തുകയും ചെയ്തു.

വ്യക്തിപരമായ അംഗീകാരവും സാക്ഷ്യവും മാത്രമല്ല, സുഹൃത്തുക്കളുടെയും അഭ്യുദയകാംക്ഷികളുടെ യും അഭിപ്രായങ്ങളും എന്റെ പ്രവർ ത്തനങ്ങൾക്ക് എന്നും പ്രോത്സാഹനമായിരുന്നു എന്ന് പറയട്ടെ. എന്നെ അടുത്തറിയാവുന്ന ഒരു വ്യക്തി 1998 ൽ എന്റെ നിലപാടുകളെയും സമീപനങ്ങളെയും അംഗീകരിക്കുന്ന രീതിയിൽ എഴുതി പ്രസിദ്ധീകരിച്ചത് മാന്യവായനക്കാരോടൊത്ത് അനുസ്മരിക്കട്ടെ.

"ഒറ്റത്തയ്യൽഅങ്കിക്കുള്ളിലെ പരുപരുക്കനായ നസ്രായന്റെ യുക്തിയും ശുക്തിയും പ്രതികരണശൈലിയുമാണ് മാർ അത്താനാസ്യോസിന്റേത്. ജനലക്ഷങ്ങളിൽ അത്ഭുതം പ്രവർത്തിച്ചുകൊ് രോമാഞ്ചമുാക്കിയപ്പോഴും, ഹോശാനയ്ക്ക് രാജകീയ സ്വീകരണം ലഭിച്ചപ്പോഴും, ലാസറിന്റെ തിണ്ണനടയിലിരുന്ന് വിശേഷങ്ങൾ പങ്കിട്ടപ്പോഴും, തിബേരിയോസ് കടപ്പുറത്ത് മീൻ പൊരിച്ചപ്പോ ഴും സാധാരണത്തം കൈവിടാത്ത നസ്രായന്റെ ലാളിത്യം കൊ് അനുഗ്രഹീതനായ വെറും ഓർഡിനറി ആ ട്ടിടയൻ. കണ്ണട ഒഴിച്ച് അകവും പുറവും മറയില്ല. തിരികെ വസൂലാക്കണമെന്ന് കരുതി ഒന്നും കൊടുക്കാറില്ല. ലാഭേച്ഛയില്ലാത്ത വ്യക്തിബന്ധങ്ങൾ. ഭയം, വ്യാകുലത, ഉത്കണ്ഠ തുടങ്ങിയ നിഷേധ വികാരങ്ങൾ വേരോടാത്ത, കൂസലില്ലാത്ത, നഷ്ടപ്പെടുവാൻ ഒന്നുമില്ലെന്ന് ചിന്തിക്കുന്ന, ശുഭാപ്തിവിശ്വാസക്കാരൻ. മന ിന്റെ ഭിത്തികളിൽ ദൈവരാജ്യത്തിന്റെ ബ്ലൂപ്രിന്റ് വരച്ച വലിയ ക്യാൻവാസ്. കാലണ കരുതൽശേഖരമില്ലാത്ത തുറന്ന കൈകൾ. സ്ഥാനമാനങ്ങളുടെ മോഹത്തിരയിൽ തെ ന്നിമാറാത്ത കാലുകൾ. പോസും ഭാവവുമില്ലാതെ എന്തിനും സഹകരിക്കുന്ന, എന്തില്ലായ്മയിലും സംതൃപ്തി പ്രകടിപ്പിക്കുന്ന (എന്തിന്, മൂന്നും ചേർത്തരച്ച മാങ്ങാച്ചമ്മന്തിയിൽ വരെ) വിശിഷ്ടാതിഥി. ഉള്ളത് ഉള്ളം ചേർത്ത് നോൺസ്പൈസിയായി വിളമ്പുന്ന വചനവിരുന്നുവാഴി. പറഞ്ഞാൽ പറഞ്ഞതിൽ നിന്ന് വലത്തോട്ടും ഇടത്തോട്ടും പുറകോട്ടും തെറ്റിയോടാനറിയാത്ത ക്രിസ്തീയ ഓട്ടക്കാരൻ. ക്ഷമിക്കാനും ക്ഷമചോദിക്കാനും മടിയില്ലാത്ത നല്ല സുഹൃത്ത്. കാഴ്ചയ്ക്ക് ഫെയർ & ലൗലി ആണ് കേട്ടോ."

ഈ പറഞ്ഞതെല്ലാം ആസ്വാദന പ്രധാനമായ അതിശയോക്തി നിറഞ്ഞ ഭംഗിവാക്കുകളാണ്. പറഞ്ഞതിൽ പകുതിപോലും സത്യമില്ലാത്ത ആദരവിന്റെ മധുരവച ുകൾ. പിന്നെ യേശുവിനെപ്പോലെ ഒട്ടും ആത്മപ്രശംസ ഇഷ്ടപ്പെടാത്ത മനുഷ്യൻ അല്ലെന്നുള്ളതുകൊ് ഞാനിത് പുനഃപ്രസിദ്ധീകരിക്കുന്നുവെന്ന് മാത്രം. നിരുപമമായ ഒരു തൂലികയുടെ ഉടമയായ ഈ അനുഗൃഹീത പ്രതിഭ ഇന്ന് അപ്പുറത്തായതുകൊ ് ഞാനദ്ദേഹത്തിന്റെ പേര് വെളിപ്പെടുത്തുന്നില്ല. അതിന്റെ പേരിൽ ആരും അദ്ദേഹത്തിന്റെ കഴുത്തിൽ പിടിക്കാതിരിക്കട്ടെ. പലരെയും പോ ലെ സൗകര്യം കിട്ടിയപ്പോൾ കൂട്ടം വിട്ടെങ്കിലും അദ്ദേഹം എഴുതിയത് പൊളിച്ചെഴുതുമെന്ന ചിന്ത എനിക്കില്ല. എല്ലാവർക്കും വിശ്വാസസംരക്ഷകനിലെ 'സൂക്ഷ്മദൃക്കി'ന്റെ മെയ്‌വഴക്കവും വക്രതയും ഉാകണമെന്നില്ലല്ലോ!

ദീർഘകാലമായി എന്നോട് ഏറെ സ്നേഹവും കരുതലും പ്രകടിപ്പിക്കുന്ന മാന്യവ്യക്തിയാണ് ബാർ ഈത്തോ ബ്രിറോ ഡോ. ഡി. ബാബു പോൾ. എനിക്കില്ലാത്ത പലഗുണഗണങ്ങളും എന്നോടുള്ള താല്പര്യ ത്തെപ്രതി അദ്ദേഹം പറഞ്ഞുകളയും. പരി. ഔഗേൻ ബാവയുടെ ചരമജൂബിലി സ്മരണികയിൽ ബാവയുടെ വ്യക്തിപ്രഭാവത്തെ വിവരിക്കുന്ന കൂ ട്ടത്തിൽ സാന്ദർഭികമായി ഞാനും പരാമർശവിധേയനാകുന്നു്.

'കഴിവുള്ളവരെ പരിമിതപ്പെടുത്തുന്ന കസേരയാണ് മെത്രാന്റേത്. കത്തോലിക്കാസഭ ഗുരുവായൂർ കേശവന്മാരെ അച്ചന്മാരും മോൺസിഞ്ഞോർമാരും ആക്കി ഒതുക്കുന്നതിന്റെ രഹസ്യം അതാണ്. ഔഗേൻ ബാവയുടെ പാണ്ഡിത്യവും വ്യക്തിത്വവും അദ്ദേഹം ചുവന്ന കുപ്പായത്തിൽ ഒതുങ്ങാതിരുന്നെങ്കിൽ കൂടുതൽ പ്രകാശപൂർണ്ണമാകുമായിരുന്നു. മൂവാറ്റുപുഴയിലെ അത്താനാസ്യോ സ് തിരുമേനിയും, പൗലോസ് ഗ്രീ ഗോറിയോസ് തിരുമേനിയും ആർച്ച് ബിഷപ്പ് ഫുൾട്ടൻ ഷിനുമൊക്കെ ഈ പറഞ്ഞതിന് അപവാദങ്ങളാണ് എ ന്നത് ശരിതന്നെ. എന്നാൽ അവരെ മെത്രാൻ എന്നതിലുപരി 'പണ്ഡിതൻ', 'ദാർശനികൻ,' 'പ്രഭാഷകൻ' എന്നൊക്കെയാണ് ചരിത്രം വിളിക്കുക എന്നത് മറക്കാതിരിക്കുക.'

മലങ്കരസഭാംഗമായ ഒരു അതിപ്രഗത്ഭ ബ്യൂറോക്രാറ്റിന്റെ വിലയിരുത്തലായിട്ടല്ല, എന്നെയും ഉൾപ്പെടുത്തിയുള്ള ഈ പരാമർശത്തെ ഞാൻ കാണുന്നത്. പ്രത്യുത, എന്നോടെന്നെ ന്നും അടുപ്പവും വാത്സല്യവും പ്രകടിപ്പിക്കുന്ന സ്നേഹധനനായ ഒരു ജ്യേഷ്ഠസഹോദരന് തന്റെ കൊച്ചനുജൻ ആരായിത്തീരണമെന്നുള്ള തന്റെ മന ിലിരുപ്പ് ഭംഗ്യന്തരേണ വെളിപ്പെടുത്തുന്നതായിട്ടാണ്. ആർച്ച് ബിഷപ്പ് ഫുൾട്ടൻ ഷിനും പൗലോസ് ഗ്രീഗോറിയോസ് തിരുമേനിയും എ വിടെ? വെറും ഓർഡിനറിയായ ഈ മെത്രാച്ചനെവിടെ? അവരോടെന്നെ താരതമ്യം ചെയ്യാനാകാ. എങ്കിലും ഋ ജുദൃക്കുകളായ മേൽപ്പറഞ്ഞവരുടെ എന്നെക്കുറിച്ചുള്ള നല്ലവാക്കുകൾ എന്റെ

വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന പ്രക്രിയയിലും അത് സംസ്കരിക്കുന്ന രീതിയിലും എത്രയോ അ നുകൂല സ്വാധീനവും ശാക്തീകരണവുമാണ് നൽകിയിട്ടുള്ളതെന്ന് ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ഞാൻ അവർ പരാമർശിച്ച തരത്തിലുള്ള ഒരു വ്യക്തിയല്ല. എങ്കിലും അത്തരത്തിൽ എത്തിച്ചേരണമെന്ന് ആഗ്രഹിച്ചതുകൊ് മേലുദ്ധരിച്ച വാക്കുകൾ എന്റെ ജീവിതത്തിലെ തിരുത്തലുകൾക്ക് അതിശക്തമായ പ്രേരണ നൽകിയിട്ടു്. ഞാൻ മേൽപ്പട്ടസ്ഥാനത്ത് ആയശേഷം പരി. പാത്രിയർക്കീസ് ബാവാ അയച്ചുതന്ന അനൗപചാരിക അനുഗ്രഹ കല്പനയുടെ രചനയിലും ബാബു അങ്കിളിന്റെ അദൃശ്യകരങ്ങൾ ഞാൻ സംശയിക്കുന്നു. എനിക്ക് ആവശ്യമായ പോസിറ്റീവ് ഊർജ്ജം ഇതിനോടകം വേത്ര ലഭിച്ചതുകൊ് നിഷേധ ചിത്രീകരണങ്ങൾ എന്നിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കാറില്ല. അത്തരം പാഴ്ശ്രമങ്ങൾ ലേ ഖകർക്ക് ഒരു പരിഷ്കൃത സമൂഹത്തിൽ സ്വയം അവഹേളിതരാകാനുള്ള അവസരം തുറക്കുന്നു എന്നുമാത്രം.

കഴിഞ്ഞ ര് ദശാബ്ദങ്ങളിൽ എന്റെ സഭാശുശ്രൂഷാചരിത്രം വ്യാപിച്ചുകിടക്കുന്നു. "സഭാശുശ്രൂഷ സന്തോഷം നൽകുന്നുണ്ടോ" എന്ന ചോദ്യം പലപ്പോഴും ഞാൻ നേരിടാറു്. ആത്മസംഘർഷവും അതുള വാക്കുന്ന വ്യഥയും വിഹ്വലതയും നിറഞ്ഞ നാളുകളായിരുന്നു ഞാൻ പിന്നിട്ടതെങ്കിലും സഭാസേവനത്തിൽ സംതൃപ്തിയില്ല എന്ന് പറയാൻ എ ന്റെ നിയോഗബോധം എന്നെ അനുവദിക്കുന്നില്ല. ശരിയാണ്, മന ുനിറഞ്ഞൊന്ന് ആഹ്ലാദിക്കാൻ കഴിഞ്ഞി ട്ട് ഇരുപത് സംവത്സരങ്ങൾ കഴിഞ്ഞിട്ടുാകണം. അതിനുള്ള ശേഷിത ന്നെ ഇതിനോടകം കൈമോശം വന്നിട്ടുാകും. 1997 ൽ ഞാൻ സഭാഭരണഘടന അംഗീകരിക്കുന്നതുവരെ പാത്രിയർക്കീസ് വിഭാഗത്തിന്റെ ഭാവിയെക്കുറിച്ചായിരുന്നു എനിക്ക് മനോഭാരം. അന്ന് നടന്നിരുന്ന വ്യവഹാരത്തിന്റെ അന്ത്യം എന്താകും, നിലനിന്നു വരുന്ന സഭാകലഹം എങ്ങനെ അവസാനിപ്പിക്കാം, എന്നീ ചോദ്യങ്ങൾ എന്നെ വേട്ടയാടിക്കൊിരു ന്നു. പാത്രിയർക്കീസ് കക്ഷിയിലെ പിടല പിണക്കങ്ങൾ സൃഷ്ടിച്ചുകൊിരുന്ന അസ്വസ്ഥത, പാത്രിയർക്കീസ് ബാവാ ഇവിടെ നടത്തിക്കൊിരുന്ന വ്യവസ്ഥയില്ലാത്ത ഇടപെടലുകൾ, അവ സൃഷ്ടിച്ചുകൊിരുന്ന പ്രശ്നങ്ങൾ മുതലായവയെല്ലാം അന്ന് എന്നെ അലോസരപ്പെടുത്തിക്കൊിരുന്നു. എന്നാൽ മന ിന്റെ അഗാധതലങ്ങളിൽ ഈ അനുഭവം സൃഷ്ടിച്ച വേദനയും ഞെരക്കവും എന്റെ വ്യക്തിത്വത്തെ മുഴുവനും തന്നെ ദുഃഖമയമാക്കിക്കൊിരുന്നുവെങ്കിലും അവയെ അതിജീവിച്ച് ഭാവിയുടെ വെല്ലുവിളികളെ നേരിടുവാൻ ശക്തിയാർജ്ജിച്ചുകൊിരു ന്നു എന്നത് ഞാനോർക്കുന്നു. സഭൈക്യത്തിന് ഇറങ്ങി പുറപ്പെട്ടവരുടെ സംഘാനുഭവത്തിൽ പങ്കുചേർന്ന എനിക്ക് വ്യക്തിപരമായ ദുഃഖങ്ങളുടെ തീവ്രമായ വേട്ടയാടൽ ഉായിരുന്നുവെന്നും ഞാൻ ചിന്തിക്കുന്നില്ല.

വ്യക്തിപരമായിത്തന്നെ ഈ ഭദ്രാസനത്തിലെ വൈദീകരും ആത്മായരും എന്റെ കൂടെ നിന്നു എന്നതുകൊ് മാത്രം അക്രമത്തിന് വിധേയരായിക്കൊിരുന്നു. ഒരിക്കൽ കണ്യാട്ടുനിരപ്പ് സെയ്ന്റ് ജോൺസ് പള്ളി വികാരി ഫാ. ജോൺ മൂലാമറ്റത്തിന്റെ വീടിനുനേരെ ശത്രുപക്ഷത്തിന്റെ ശക്തമായ ആക്രമണമുായി. വീടിന്റെ മേൽനിലയിലേയ്ക്ക് കല്ലുകൾ ചീറിപ്പാഞ്ഞു. ജനൽച്ചില്ലുകൾ പൊട്ടിച്ചിതറി വീണു. ദൈവാധീനം കൊ് അച്ചനും, സഹധർമ്മിണിക്കും കുഞ്ഞുങ്ങൾക്കുമൊന്നും പരിക്കൊന്നും ഉായില്ല. മൂന്ന് പിഞ്ചു പെൺകുഞ്ഞുങ്ങൾ ഉൾപ്പെ ടെയുള്ള കുടുംബം കഴിയുന്ന വീട്ടിലേയ്ക്കാണ് 'സത്യവിശ്വാസികൾ' ഭീകരാക്രമണം അഴിച്ചുവിട്ടത്. ഇത്തരം ആക്രമണങ്ങൾക്ക് പ്രേരണ നൽകുന്ന അന്ധ്യോഖ്യാവിശ്വാസത്തിന് എന്ത് നിർവ്വചനം കൊടുത്താൽ യോജിക്കുമെന്ന് എനിക്കറിയില്ല. എങ്ങനെ അന്ന് ആക്രമണത്തിൽ നിന്ന് രക്ഷപെട്ടു എന്ന് പിന്നീടൊരിക്കൽ ഞാൻ അച്ചനോട് ചോദിച്ചപ്പോൾ മറുപടി ഇപ്രകാരമായിരു ന്നു. "തിരുമേനി, കട്ടിലിൽ കിടന്ന് ഉറങ്ങിയിട്ട് നാളേറെയായി. കട്ടിൽകീഴിലാണ് ഞങ്ങളുടെ ഉറക്കം. അതുകൊ് എന്തെറിഞ്ഞാലും ഞങ്ങളുടെ ദേഹത്ത് വീഴില്ല." വിശ്വാസം മൂത്ത് മറ്റുള്ളവരെ അവരുടെ വീട്ടിൽ പോലും സമാധാനത്തോടെ കട്ടിലിൽ കിടന്നുറങ്ങാൻ അനുവദിക്കാത്ത അവസ്ഥ! മേരീദാസ് അച്ചന്റെ മുളന്തുരിത്തിയിലുള്ള തറവാട് വീട്ടിൽ നിന്ന് അദ്ദേഹത്തെ പുത്തൻകുരിശ്കാരാ യ ഒരു ചെറുസംഘം കൗശലപൂർവ്വം പുറത്തുവരുത്തി പെട്രോൾ ഒഴിച്ച് കത്തിക്കാനുള്ള ശ്രമം തടഞ്ഞത് ദൈവം തന്നെയാണെന്നാണ് എന്റെ വിശ്വാസം. വിശുദ്ധ കുർബ്ബാനയ്ക്കായി ആറൂർ സെയ്ന്റ് മേരീസ് പള്ളിയുടെ മുറിയിൽ അയസ്ഥപ്പാടായി കിടന്നുറങ്ങിയ ചെറുകാട്ട് ഏലിയാസ് അച്ചനെ രാത്രിയുടെ മദ്ധ്യത്തിൽ, ആരോ മരിച്ചെന്ന് കള്ളം പറഞ്ഞ് വിളിച്ചുണർ ത്തി വാതിൽ തുറന്നപ്പോൾ കൊലവിളിയോടെ കമ്പിവടിയുമായി അച്ചന്റെ മേൽ ചാടിവീണു. ആദ്യത്തെ അടി കട്ടിളയുടെ മുകളിലത്തെ കുറുംപടിയിൽ പതിച്ചതുകൊ് ജീവഹാനി സംഭവിച്ചില്ല. പിന്നീടുള്ള പ്രഹരങ്ങൾ അച്ചൻ തടയാൻ ശ്രമിച്ചതുകൊ് ഇടവകയുടെ ലംഘനങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി ദൈവസന്നിധിയിൽ ഉ യർത്താറുള്ള ഇരുകൈകളിലുമാണ് ആഞ്ഞുപതിച്ചത്. ആ കൈകളിൽ നിന്ന് ക്രിസ്തുവിന്റെ നിണമാംസങ്ങളാകുന്ന കൗദാശിക രഹസ്യങ്ങൾ സ്വീകരിച്ചവർ തന്നെ വേണമല്ലോ അച്ചനെ തല്ലിച്ചതയ്ക്കാൻ! തങ്ങളെ ദൈവീക കൂട്ടായ്മയിൽ നിലനിർത്തുവാനായി ക്രിസ്തുവിന്റെ ദിവ്യമർമ്മ ങ്ങൾ

നീട്ടിയ കരങ്ങളിലാണ് വിശ്വാ സഭ്രാന്തിന്റെ അടികൾ മിന്നൽപിണർ പോലെ പതിച്ചത്. ഇരുട്ടിന്റെ മറയിൽ അച്ചന് ഓടിരക്ഷപെടാൻ കഴിയാതിരുന്നെങ്കിൽ ആറൂർ പള്ളി ഒരു രക്തസാക്ഷ്യത്തിന്റെ വേദിയാകേിവരുമായിരുന്നു. എന്തൊരു വിശ്വാസം! എന്തൊരു വിശ്വാസികൾ! എന്റെ ഭൂതകാല ചരിത്രത്തിൽ ഞാൻ അംഗമായിരുന്ന സമൂഹത്തെപ്പറ്റി എന്റെ സർവ്വ അഭിമാനവും നഷ്ടപ്പെട്ട ദിനമായിരുന്നു അത്. നീതിക്കുവേി എത്രതന്നെ വ്യഥയും മർദ്ദനവും ഏല്ക്കുവാൻ എനിക്ക് ഇന്നും ത്രാണിയു്. എന്നാൽ ഞാനെടുത്ത നിലപാടിനെ പിന്തുണച്ച് എന്റെ കൂടെ നിൽക്കുന്നവരുടെ മേലുള്ള കടന്നാ ക്രമണങ്ങൾ, അവർക്ക് നേരിടേി വരുന്ന പീഡനങ്ങൾ ഇവ കുകഴിയുവാൻ എത്രനാൾ ആണ് എന്റെ വിധി! ഈ സംഭവത്തെ തുടർന്ന് അരങ്ങേറിക്കൊിരുന്ന മർദ്ദനപരമ്പരയുടെ സമകാലിക ചരിത്രാവർത്തനമാണ് ഓണക്കൂർ സെഹിയോൻ പ ള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുവാൻ എത്തിയ ഫാ. മാത്യൂസ് കാ ഞ്ഞിരംപാറയുടെയും ശുശ്രൂഷകരുടെയും മേലുായ ഹീനമായ ആക്രമണം. കുറിഞ്ഞിപ്പള്ളിയിൽ നടന്ന കയ്യേറ്റത്തിൽ പരിക്കേറ്റ സൂരജ് അച്ചന്റെയും ഇടവകാംഗങ്ങളുടെയും മുറിവുകൾ സുഖപ്പെട്ടുവരുന്നതേയുള്ളൂ. കത്തിപ്പാറത്തടത്തിലും മാമലശ്ശേരിയിലും വടകരയിലും വെട്ടിത്തറയിലും പ ിറവത്തും എന്നുവേ ഈ ഭദ്രാ സനത്തിലെ മിക്കപള്ളികളിലും അരങ്ങേറുന്ന അക്രമങ്ങൾക്ക് വൈദീകരോടൊപ്പം സ്ത്രീകളും കുഞ്ഞുങ്ങളും പോലും വിധേയരാകുന്നു്. ഈ സാഹചര്യത്തിൽ സഭാശുശ്രൂഷയുടെ സന്തോഷവും സാഫല്യവും എങ്ങനെ അനുഭവിക്കാനാവും? അനുഭവങ്ങൾ സ്ഥിരമായി മന ിൽ വേദനസൃഷ്ടിക്കുന്ന കണ്ണീർച്ചാലുകളായി രൂപപ്പെടുമ്പോഴും ആത്മരോദനത്തിന് സമയം കളയാതെ ശുശ്രൂഷാരംഗത്ത് പുതിയ സാധ്യതകളും ജീവിതത്തിന് അജ്ഞാതമായിരുന്ന അർത്ഥങ്ങളും തേടിയുള്ള യാത്ര ഒരിക്കലും നിരാശയുടേതല്ല. കൗദാശിക അനുഗ്രഹങ്ങളുടെ നൽവരങ്ങൾ ദൈവസന്നിധിയിൽ നിന്ന് കോരിയെടുത്ത് ജനത്തിന് വിഭജിച്ച് നൽകുന്ന പുണ്യപുരോഹിതന്മാരെ അവഹേളിക്കുകയും അവരുടെ മേൽ മർദ്ദനം അഴിച്ചുവിടുകയും ചെയ്യുന്ന ദുർഗ്രാഹ്യമായ ആദ്ധ്യാത്മികതയും ക്രൈ സ്തവസമൂഹത്തിന് അന്യമായ ഈ പുതിയ സംസ്ക്കാരവും അത് സൃഷ്ടിക്കുന്ന പാപക്കറയും ഈ സമൂഹത്തിൽ നിലനിൽക്കരുതേ എന്ന് ഇനിയും സഭാശുശ്രൂഷകൾക്കിടയിൽ പ്രാർത്ഥിക്കുവാനുള്ള പ്രേരണ നിലച്ചുപോകരുത് എന്നാണ് ആഗ്രഹം. ഏത് അക്രമവും വിശ്വാസത്തിന്റെ പേരിൽ നിർവ്വഹിക്കുവാൻ പ്രചോദനം നൽകുന്ന ഒരു പുതിയ മതദർശനവും അത് സൃഷ്ടിക്കുന്ന അസഹിഷ്ണുതയും ഏറെ ഉത്കണ്ഠയോടെ മാത്രമേ നോക്കിനിൽക്കാനാവൂ. ഈയിടെ കോലഞ്ചേരിയിൽ നടന്ന പ്രാർത്ഥനായജ്ഞത്തിന്റെ ദിനങ്ങളിൽ അവിടത്തെ ഒരു മദ്യശാലയുടെ മുമ്പിൽ പരി. പാത്രിയർക്കീസ് ബാവയുടെയും ശ്രേഷ്ഠ കാതോലിക്കാബാവയുടെയും ചിത്രങ്ങൾ സ്ഥാപിച്ച് സ്വന്തം കാശുമുടക്കാതെ മദ്യപിക്കുവാനുള്ള കടയേതെന്ന് വിശ്വാസികൾക്ക് കത്തെുവാൻ സഭാകാര്യത്തിൽ നിന്ന് സൗകര്യപ്പെടുത്തിയിരുന്നതായി അറിയുവാൻ സാധിച്ചു. ഏതോ ന്യൂസ് ചാനലുകാർ 'പത്രോസിന്റെ പിൻഗാമികൾ' എന്നപേരിൽ ഇറക്കിയ ഡോക്യുമെന്ററിയിൽ ഇവി ടെ നിന്ന് പുറത്തിറങ്ങിയ വിശ്വാസവൈരാഗികൾ ടൗണിൽ കാഴ്ചവച്ച ആത്മീയ പഥസഞ്ചലനം ടെലിവിഷൻ പ്രേക്ഷകർ ക് അന്തംവിട്ടു. ഇത്തരം ചിത്രങ്ങൾ പുറത്തുവിട്ടതി ന്റെ പേരിൽ വിശ്വാസസമൂഹം ടെലിവിഷൻ ചാനലുകാരെ മർദ്ദിച്ച് ഭക്തിതീക്ഷ്ണത വെളിപ്പെടുത്തുകയും ചെയ്തു.

കനാട് ഭദ്രാസനത്തിലെ ഒരു പ്രധാന പള്ളിയാണ് കണ്യാട്ടുനിരപ്പ് സെയ്ന്റ് ജോൺസ് ദേവാലയം. യോഹന്നാൻ മാംദോനായുടെ ശക്തമായ കാവലും മദ്ധ്യസ്ഥതയും ഈ പ്രദേശത്തിന് മൊത്തമായി ഉന്നാണ് സ്ഥലവാസികളുടെ വിശ്വാസം. ഞാൻ മേൽപ്പട്ടസ്ഥാനം ഏറ്റ കാലം മുതൽ തന്നെ ഈ ഇടവകക്കാർ എന്നോട് വലിയ അടുപ്പം പുലർത്തിയിരുന്നു. രാഷ്ട്രീയമായും വളരെ പ്രബുദ്ധമായിരുന്നു ഈ ഇടവകസമൂഹം. ഇടതും വലതും നിൽ ക്കുന്ന ഇരു മുന്നണികൾക്കും ശക്തമായ സ്വാധീനം ഇവരിലു്. മുൻ കോൺഗ്ര് നേതാവും മന്ത്രിയുമായിരുന്ന പോൾ പി. മാണി ഈ ഇടവകാംഗമായിരുന്നു. വിദേശ ഇടവകകളിൽ നിന്നും ക്ഷണവും സമ്മർദ്ദവും ഉായിരുന്നിട്ടും മെത്രാഭിഷേകശേ ഷം നടന്ന ആദ്യത്തെ പീഡാനുഭവ ശുശ്രൂഷയുടെ വേദിയായി ഞാൻ ഈ പള്ളി തെരഞ്ഞെടുത്തത് വെറും സാന്ദർഭികമായിരുന്നില്ല. ഇടവകക്കാരുടെ സ്നേഹപൂർവ്വമായ നിർബന്ധം കൊായിരുന്നു. എന്റെ പ്രിയ മാ താവ് മരിച്ചുകിടന്നപ്പോൾ പോലും ആ ഇടവകയിലെ പ്രധാന പെരുന്നാളി ന്റെ സന്ധ്യാപ്രാർത്ഥനയിലും പിറ്റേദിവസത്തെ വിശുദ്ധ കുർബ്ബാനയി ലും ഞാൻ സംബന്ധിച്ച് നേതൃത്വം നൽകിയത് ഈ ആത്മബന്ധത്തിന്റെ സൂചകമായിരുന്നു. "മെത്രാച്ചന്റെ അമ്മ മരിച്ചുകിടക്കുന്ന സമയത്താ ണോ നിങ്ങൾ അദ്ദേഹത്തെ പെരുന്നാൾ ചടങ്ങുകൾക്ക് നിർബന്ധിക്കുന്നത്?" എന്നു പറഞ്ഞ് കാലം ചെയ് ത ശ്രേഷ്ഠ ബാവാ ആ പള്ളിക്കാരെ ശാസിച്ചപ്പോൾ ഞാൻ അവരെ ന്യായീകരിച്ചതിനും കാരണം ഈ അടുപ്പം തന്നെയായിരുന്നു. പെരുന്നാൾ ചടങ്ങുകൾക്കുശേഷം മാത്രമാണ് ഞാൻ അമ്മയുടെ ശവസംസ്ക്കാര ചടങ്ങുകൾക്ക് എത്തിച്ചേർന്നതെന്ന് ഓർക്കുന്നു. അന്ന് വികാരിയായിരുന്ന പനച്ചിയിൽ തോമസച്ചന്റെയും പി ന്നീട് ചെറുകാട്ട് ഏലി

യാസച്ചന്റെയും ശുശ്രൂഷാകാലത്ത് ഈ ബന്ധം തുടർന്നു. പിന്നീട് വികാരിമാരായി മേരീദാസ് അച്ചനും മൂലമറ്റത്തിൽ ജോൺ അച്ചനും ചുമതലയേറ്റു.

ആയിടയ്ക്ക് സഭാതർക്കം സംബന്ധിച്ച് സുപ്രീംകോടതിയിൽ നിന്ന് വിധിയുായി. അതിന്റെ വെളിച്ചത്തിൽ ഭദ്രാസനം എന്ത് നിലപാട് സ്വീകരിക്കണമെന്ന് ആലോചിക്കുന്നതിനുവേി ഞാൻ ആ പള്ളിയിലുമെത്തി. പൂർണ്ണമായ പിന്തുണയായിരുന്നു സഭൈക്യ ആശയത്തിന് ഇടവകയിൽ നിന്ന് ലഭിച്ചത്. എന്നാൽ ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോഴേയ്ക്കും വിഘടനത്തിന്റെ വിഷവിത്തുകൾ അവിടെ മുളയ്ക്കുന്ന സൂചന കിട്ടി. ഒരു വിഭാഗം സാവകാശം സമാധാനവിരുദ്ധ ചേരിയിലേയ്ക്ക് മാറിക്കൊിരുന്നു. 1999 ജൂലൈ മാസത്തിൽ പിറ്റേദിവസത്തെ വിശുദ്ധ ബലിയർപ്പണത്തിനായി പള്ളിമേടയിൽ ഉറങ്ങിക്കിടന്ന മേരീദാസ് അ ച്ചനെ ഒരുകൂട്ടം ഇടവകക്കാർ പുലർച്ചയ്ക്കുമുമ്പ് മർദ്ദിക്കുകയും വികാരി കൈവശം വയ്ക്കേ പള്ളിരേഖ കളും താക്കോലുകളും ബലപ്രയോഗത്തിലൂടെ കൈവശപ്പെടുത്തുകയും ചെയ്തു. പള്ളിക്കയ്യേറ്റത്തിന് പ്ര ത്യേകം പരിശീലനം നേടിയിരുന്ന ഒരു വൈദീകൻ ദേവാലയത്തിൽ കടന്നുകൂടി തനിക്ക് അറിയാവുന്നവിധം കുർബ്ബാന ചൊല്ലി. ഇത്തരം വിദഗ്ദ്ധന്മാർ പള്ളി ശുശ്രൂഷകളിൽ പരിചയമില്ലാത്തതിനാൽ പള്ളി പിടിച്ച് ആ ദ്യത്തെ 'വഴിപാട് കുർബ്ബാന' എ ത്തിച്ച് ഇടപാട് സംഖ്യ പേശിവാങ്ങി അടുത്തയാഴ്ചത്തേയ്ക്ക് വേറെ പ ള്ളിതേടി പുറപ്പെടുകയാണ് പതിവ്. പിടിച്ചെടുത്ത പള്ളിയിൽ കുർബ്ബാന ചൊല്ലി പരിചയമുള്ള ഏതെങ്കിലും ഒരു അച്ചൻ രംഗപ്രവേശം ചെയ്യുന്നു. ഇവിടെയും ഈ പരിപാടിതന്നെ ആവർത്തിച്ചു. രാം കുർബ്ബാന ഫാ. ജോൺ മൂലാമറ്റം പതിവുപോലെ അർപ്പിച്ചു. തുടർന്ന് ആർ.ഡി.ഒ. യുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ വികാരിയും, ഇടിച്ചുകയറി ശുശ്രൂഷ ആരംഭിച്ച അച്ചനും മാറിനിൽക്കാൻ ധാരണയായി. മൂലാമറ്റത്തിൽ ജോൺ അച്ചൻ ആക്ടിംഗ് വികാരിയായി ശുശ്രൂഷ തുടർന്നു. എന്നാൽ ആർ.ഡി.ഒ.യുടെ ഉത്തരവ് ലംഘിച്ച് വീ ും കയ്യേറ്റശ്രമം നടന്നു.

ഈ സന്നിഗ്ദ്ധാവസ്ഥയിൽ പള്ളിക്കാര്യം എങ്ങനെ മുമ്പോട്ടുകൊുപോകും എന്നായി എന്റെ ചിന്ത. എനിക്ക് അടുപ്പമുള്ള ഉയർന്ന ഒരു പൊലീസ് ഓഫീസറുടെ ഉപദേശം ഞാൻ തേടി. പൊലീസ് അധികാരികളെയും രാഷ്ട്രീയക്കാരെയും ആശ്രയിച്ച് തർക്കപരിഹാരത്തിന് ശ്രമിക്കേ എന്ന അഭിപ്രായമാണ് അദ്ദേഹത്തിൽ നിന്ന് ലഭിച്ചത്. അവർക്ക് സ്ഥിരമായ ഒരു നിലപാടെടുക്കാൻ കഴിയില്ല. അതുകൊ് കോടതിയെ സമീപിക്കുന്നതായിരിക്കും ബുദ്ധി യെന്ന് നിർദ്ദേശിച്ചു. അദ്ദേഹം തന്നെയാണ് പിന്നീട് പല നിർണ്ണായക വിധികളും സഭയ്ക്ക് നേടിത്തന്ന പ്രശസ്തനായ അഭിഭാഷകൻ അഡ്വ. എസ്. ശ്രീകുമാറിന്റെ പേര് നിർദ്ദേശിച്ചതും. കഴിഞ്ഞകാല വ്യവഹാര ചരിത്രത്തിൽ അഡ്വ. ശ്രീകുമാറിന്റെ സേവനം ഒരിക്കലും ഭദ്രാസനത്തിന് വിസ്മരിക്കാനാവില്ല.

മൂവാറ്റുപുഴ സബ്കോടതിയിൽ നിന്ന് സഭയ്ക്ക് പൂർണ്ണമായും അനുകൂലമായ വിധിയുായി. ഫാ. ജോൺ മൂലാമറ്റത്തിനു മാത്രം പള്ളിയിൽ വൈദീക ശുശ്രൂഷയ്ക്കുള്ള അവകാശം അനുവദിച്ചും മറുകക്ഷിയിലെ വൈദീകർക്ക് പള്ളിയിൽ നിരോധനം ഏർപ്പെടുത്തിക്കൊുമായിരുന്നു വിധി. അപ്പീലിൽ ഡിസ്ട്രിക്റ്റ് കോടതി പ്രസ്തുത വിധിയുടെ ആദ്യഭാഗം ഉറപ്പിച്ചെങ്കിലും രാംഭാഗം സംബന്ധിച്ച് മൗനം പാലിച്ചു. നീതിന്യായങ്ങൾ അനുസരിച്ച് ശീലമില്ലാത്ത എതിർപക്ഷം പള്ളിയിൽ പ്രവേശിച്ച് സമാന്തര ആരാധന ആരംഭിച്ചു. ആയിടയ്ക്ക് ഒരു ഞായറാഴ്ച ഞാൻ മൂവാറ്റുപുഴ അരമനപ്പള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുന്ന സമയം മൂലാമറ്റത്തിലച്ചൻ മദ്ബഹായിലേയ്ക്ക് കയറിവന്നു. കണ്ണുകൾ കരഞ്ഞ് കലങ്ങിയിരിക്കുന്നു. കുർബ്ബാനയ്ക്ക് ചെന്ന അദ്ദേഹത്തെ എതിർപക്ഷം ബലം പ്രയോഗിച്ച് പുറത്താക്കുകയായിരുന്നു. സ്ഥലത്തുായിരുന്ന നിയമപാലകർ സംഭവം കില്ലെന്ന് നടിച്ചു. മറുചേരിക്കാർ കുർബ്ബാനചൊല്ലി ആഘോഷിച്ചു. അവിടെ നിന്ന് ഇറങ്ങി നേരെ അരമനയിലെത്തിയ അച്ചന്റെ മുഖം മങ്ങൽ ഏല്ക്കാതെ ഇന്നും എന്റെ മന ിൽ തെളിഞ്ഞുവരുന്നു.

പ്രതിഭാഗം കുറെക്കാലത്തേയ്ക്ക് പള്ളി അടക്കിവാണു. നാടിളക്കി പെരുന്നാളാഘോഷവും നടത്തി. നി യമങ്ങൾ ചവിട്ടിയരച്ചു. ജനത്തെ കള്ളക്കേസുകളിൽ കുടുക്കി പീഡിപ്പിച്ചു. മന ുതകരാതെ ജോൺ അച്ചൻ നിയമത്തിന്റെ വഴികൾ പിന്തുടർന്നു. തന്റെ ഇരുചക്രവാഹനം വീടിനും കോടതിക്കുമിടയിൽ വിരാമമില്ലാതെ ഓടിക്കൊിരുന്നു. അപകടമേഖലയിലൂടെ ശരവേഗത്തിൽ മിന്നിമറയുന്ന അച്ചന്റെ രൂപവും നി ശ്ചയദാർഢ്യം സ്ഫുരിക്കുന്ന മുഖ വും തന്റെ കൂടെയുള്ള ജനത്തിന് അപ്രതിരോധ്യമായ ആത്മവിശ്വാസം നൽകി. ഒരു സാധാരണ വൈദീകനായി ശുശ്രൂഷാരംഗത്ത് പ്രവേശിച്ച അച്ചൻ തന്റെ അപാരമായ നേതൃത്വപാടവം പ്രകടമാക്കി. വി. യോഹന്നാ ൻ മാംദോനായുടെ മദ്ധ്യസ്ഥതയിൽ ആ നാമധാരിയായ അച്ചന് ദൈവം നൽകിയ അനുഗ്രഹം വലുതായിരുന്നു. ആരാധനാസമയങ്ങളിൽ ദൈവ സന്നിധിയിലും നീതി പുനഃസ്ഥാപിക്കുന്നതിലുള്ള തന്റെ നിർദ്ദേശങ്ങളുമായി വക്കീലിന്റെ മുമ്പിലുമല്ലാതെ അച്ചന്റെ വായ് ആ നീ കാലയളവിൽ തുറന്നിട്ടുോ എന്ന് എനിക്ക് സംശയമാണ്. പ്രതികൂല സാഹചര്യങ്ങൾ അവഗണിച്ച് തന്റെ ഇരുചക്ര വാഹനത്തിൽ അനസ്യൂതം നടത്തിക്കൊിരുന്ന കുതിപ്പ് എന്റെയുള്ളിൽ ആ നാളുകളിൽ ദുഃസ്വപ്നങ്ങളുടെ നി ഴൽപാടുകൾ വീഴിച്ചു ഭയംജനിപ്പിച്ചുകൊിരുന്നു. അനീതിക്കും അക്രമത്തിനും താൻ കീഴ്പ്പെടു

**വഴിവിളക്ക്**

# അത്ഭുതം ആത്മീയതയുടെ അവസാന വാക്കല്ല

**ഫാ. എഡ്വേർഡ് ജോർജ്ജ്**

**സാ**ധാരണ മനുഷ്യർക്ക്
അസാധ്യമായതിനെ ആളുകൾ
അത്ഭുതമെന്ന് വിളിക്കുന്നു. ചില
ആത്മീയ നേതാക്കൾ, ആചാര്യന്മാർ
ഇവരൊക്കെ സാധാരണക്കാരന്റെ
ദൃഷ്ടിയിൽ അത്ഭുതങ്ങളാകുന്നു.
തനിക്ക് ചെയ്യാൻ കഴിയാതിരു
ന്നത്, ആവാൻ കഴിയാതിരുന്നത്
അവർക്ക് സാധിക്കുന്നു-അങ്ങനെ
അവർ അത്ഭുതങ്ങളായി മാറുന്നു.
ഞാൻ ബാംഗ്ലൂരിൽ പഠിച്ചിരുന്ന സമ
യത്ത് വഴിയരികിൽ ഒരു സ്ത്രീയെ
കു. അവർ ഒരു പ്ര ത്യേക മാനസി
കാവസ്ഥയിൽ പെട്ട് (psychotic stu-
por) നിശ്ചലാവസ്ഥയിൽ ആരോടും
മിാതെ, നോക്കാതെ, ജലപാനം പേ
ാലുമില്ലാതെ പ്രതിമപോലെയിരി
ക്കുകയാണ്. സാധാരണ മനുഷ്യന്
സാധിക്കുന്നതിലും ഏറെ സമയം
അവർ ഇരിപ്പുതുടർന്നപ്പോൾ ആളു
കൾ അവരെ അത്ഭുതത്തോടെ
കാണാനും ആരാധിക്കാ നും തുട
ങ്ങി. യഥാർത്ഥത്തിൽ മനഃശാസ്ത്ര
വിശദീകരണം സാധ്യമായ ഒരു
മാനസിക രോഗാവസ്ഥയാണിത്.
പക്ഷേ നാലോ അഞ്ചോ ദിവസങ്ങ
ളായപ്പോൾ അവർ തളർന്നുവീണു;
അബോധാവസ്ഥയിലായി. തുടർന്ന്
ആരോ അവരെ ആശുപത്രിയിലെ
ത്തിച്ചു.

അത്ഭുതത്തിന് ദൈവവുമായു
ള്ള ബന്ധം വിശദീകരിക്കേിവരു
മ്പോൾ സിഗ്മ് ഫ്രോയിഡായിരിക്കും
അതിന് നല്ലൊരു വിശദീകര ണം
തരുന്നത്. ദൈവത്തെപ്പറ്റി അദ്ദേ
ഹം പറയുന്നത് ഒരു 'സൂപ്പർ പപ്പ'
എന്നാണ്. കുഞ്ഞുങ്ങൾക്ക് ആര
ാണ് ദൈവം? അവന്റെ മാതാപ
ിതാക്കൾ തന്നെ. കാരണം കുഞ്ഞ്
എല്ലാ ഇഷ് ടങ്ങളും സാധിച്ചെടുക്കു
ന്നത് അവരിലൂടെയാണ്. കുഞ്ഞിന്റെ
ആഗ്രഹങ്ങൾ പരിമിതമാണ്. കളി
പ്പാട്ടം വാ ങ്ങാനോ എന്തെങ്കിലും
എടുക്കാനോ ഒക്കെ അവന് അച്ഛ
നമ്മമാരുടെ സഹായംകൊ് സാധി
ക്കും. അതുകൊ് അവന് അപ്രാപ
്യമായി ഒന്നുമില്ലെന്ന് വരുന്നു. അല്പ
ം കഴിയുമ്പോൾ അമ്മ അച്ഛനെ
അനുസരിക്കുന്നതുകാണുമ്പോൾ
മക്കൾ കരുതുന്നു അച്ഛനാണ്
ഏറ്റവും വലിയ ദൈവം എന്ന്. കുറ
ച്ചുകൂടി നാൾ കഴിയുമ്പോൾ അവൻ
തിരിച്ചറിയുന്നു ഈ അച്ഛന് തന്റെ
ടീച്ചറിനോട് ബഹുമാനമാണെന്ന്.
അപ്പോൾ ടീച്ചറാകുന്നു അവന്റെ
ദൈവം. എന്നാൽ കുഞ്ഞ് മുതിരു
മ്പോൾ അവന്റെ ആഗ്രഹങ്ങൾ വള
രുമ്പോൾ അപ്പനോ അമ്മയ്ക്കോ
അദ്ധ്യപകർക്കോ അത് പൂർണ്ണമായി
സാധിച്ചു നൽകാനാവാതെ വ രു
മ്പോൾ അവന് മറ്റൊരു ദൈവം ആ
വശ്യമായി വരുന്നു. ഇങ്ങനെ ആശ്ര
യിക്കാനൊരാളെന്ന സങ്കല്പത്തെ
അവൻ ദൈവമെന്ന് വിളിക്കുന്നു.

എല്ലാ വേദങ്ങളും ദൈവശ
ക്തിയെപ്പറ്റി വളരെ പ്രാധാന്യത്തോ
ടെയാണ് പഠിപ്പിക്കുന്നത്. മനുഷ്യന്
അസാധ്യമായതെല്ലാം ചെയ്യാൻ കഴി
യുന്ന ശക്തിയാണ് ദൈവം. അത്ഭു
തങ്ങൾ ചെയ്യാൻ സാധിക്കാത്തൊരു
ശക്തിയെ അവന് ദൈവമായി കാ
ണാനാവില്ല. പഴയനിയമത്തിൽ ദൈ
വം അഗ്നിനാളങ്ങളായും മേഘസ്തം
ഭമായും കടൽ പിളർക്കുന്നവനായും
സാമ്രാജ്യത്തശക്തികൾക്കെതിരെ
പടപൊരുതുന്നവനായും അത്ഭുതം
കാണിക്കുന്നു. പുതിയ നിയമത്തി
ലും മനുഷ്യന്റെ എല്ലാ ആഗ്രഹ
ങ്ങ ളും സാധിച്ചുകൊടുക്കാനാ
വുന്ന ശ ക്തനായ ക്രിസ്തുവാണ്
ദൈവം. എന്നാൽ ക്രിസ്തുവിന്റെ
കാലത്ത് എത്രയോ പേർ അന്ധ
രായും ചെകിടരായും രോഗിക
ളായും ബന്ധുക്കൾ മരിച്ചവരായും
ഉായിരുന്നു. അവരെയെല്ലാം അവൻ
സുഖപ്പെടുത്തിയതായും വീടെു
ത്തതായും പറയുന്നില്ല. പക്ഷേ ന
ാമാകട്ടെ അതൊന്നും ഗൗനിക്കുന്നേ
യില്ല. എന്നിട്ട് അത്ഭു തം ചെയ്ത
ക്രിസ്തുവിനെ മാത്രം ഉയർത്തിപ്പിടി
ക്കുന്നു. ഒരു ധ്യാനകേന്ദ്രത്തിൽ വിര
ലിലെണ്ണാൻ മാത്രം അത്ഭുതങ്ങളേ
നടക്കുന്നുള്ളൂവെ ങ്കിലും അവയെ
പെരുപ്പിച്ച് കാണിക്കുന്നത് നമ്മുടെ
തൃപ്തിക്കുവേിയാണ്. അത്തരം ഒരു

---

കയില്ല എന്ന തീരുമാനം സ്ഫുരി
ക്കുന്ന അച്ചന്റെ മുഖഭാവം ആർക്കും
മറക്കാനാവില്ല. മന ിന് ആഴത്തിൽ
മുറിവേറ്റ അച്ചനെ ആർക്കും വ്യതി
ചലിപ്പിക്കാനാവാത്തവിധം ഒരു ന
ിലപാടിലെത്തിച്ചിരുന്നു.

അപ്പീൽ കേസിൽ ഹൈക്കോ
ടതിയിൽ നിന്ന് മലങ്കര മെത്രാപ്പോ
ലീത്തായുടെയും ഇടവകമെത്രാ
പ്പോലീത്തായുടെയും സ്ഥാനങ്ങളും
ഇടവക വികാരിയുടെ നിയമനവും
പൂർണ്ണമായി ശരിവച്ചുകൊ് വിധി
യുായി. അച്ചന് പോലീസ് സംരക്ഷ
ണവും അനുവദിച്ചു. നടപ്പിലാക്കാൻ
പോ ലീസ് സഹകരിച്ചു. അക്രമികൾ
പുറത്തായി. അച്ചൻ ഏകനായി
പള്ളി യിൽ പ്രവേശിച്ച് ശുശ്രൂഷകൻ
അവരാച്ചന്റെ സഹകരണത്തോടെ
വി. കുർബ്ബാന അർപ്പിച്ചു. എന്നാൽ
പിന്നീ ട് പള്ളി പൂട്ടേ സാഹചര്യം
വന്നു. കാരണം, അച്ചന് സംര
ക്ഷണം നൽ കേ പോലീസ് ലാത്തി
കൊ് അമ്മാനമാടിക്കൊ് അച്ചനെ
തട പ്പെടുത്തിയ തീവ്രവാദികൾക്ക്
സ ഹായമൊരുക്കിയതുകൊുമാത്രം.
കോടതിവിധി അവഗണിച്ച പോലീ
സ് ഉദ്യോഗസ്ഥർക്കെതിരെ അച്ചൻ
കേസ് നീക്കി. ഏതായാലും 2003
ലെ കോലഞ്ചേരി സത്യാഗ്രഹത്തെ
തുടർ ന്ന് പള്ളി തുറന്നു. അച്ചൻ
ആരാധന പുനരാരംഭിക്കുകയും

ദൈവം മനുഷ്യന്റെ അടിസ്ഥാന ആവശ്യമാണ്. ഈ ഉദാഹരണം നോക്കൂ. നമ്മുടെ വീടിന്റെ വാതിൽ പൂട്ടിയിരിക്കുന്നു. ഇന്നത്തെ പുതിയ ടെക്നോളജി അനുസരിച്ച് ഇത് പുറത്തുനിന്ന് മ റ്റൊരാൾക്ക് തുറക്കാനായേക്കാം. എ ങ്കിലും അതിനെപ്പറ്റി തെല്ലും ബോധ്യമില്ലാത്ത എനിക്ക് എന്റെ സുരക്ഷിതത്വം മുഴുവൻ ഈ പൂട്ടിലർപ്പിച്ച് സുഖമായി ഉറങ്ങാനാവുന്നു!

1970 കളുടെ പകുതിയിൽ ആരംഭിച്ച് 2000-ത്തോളം എത്തിയ ഒരു കാലഘട്ടമു്. അന്ന് കൈകളിൽ പൂജിച്ച ചടരുകളോ കഴുത്തിൽ വെഞ്ചരിച്ച മാലകളോ ഏറെയൊന്നും കാണാനില്ലായിരുന്നു. മനുഷ്യൻ തന്റെ ആന്തരിക ശക്തിയെ കൂടുതൽ തിരിച്ചറിഞ്ഞ്തുടങ്ങിയിരുന്നു. എന്നാൽ 2000-ത്തോടെ ലോകം വളരെ വലിയൊരു അരക്ഷിതാവസ്ഥയിലേയ്ക്ക് നീങ്ങിത്തുടങ്ങി. രോഗം, സാമ്പത്തിക പ്രതിസന്ധികൾ, പ്രകൃതി പീഢകൾ ഇവയെല്ലാം വർദ്ധിച്ചുവന്നു. മനുഷ്യൻ കൂടുതൽ അസ്വസ്ഥനാകാൻ തുടങ്ങി. ചരടുകൾ, വെന്തിങ്ങ, കൊന്ത ഇവയൊക്കെ ധാരാളം പേർ അണിഞ്ഞുതുടങ്ങി. ധ്യാനകേന്ദ്രങ്ങളിൽ അസ്വസ്ഥരായ ജനങ്ങൾ എത്തിത്തുടങ്ങി. എന്നിട്ട് ഓരോരുത്തരും തങ്ങൾക്ക് ആവശ്യമായ ദൈവത്തെ സൃഷ്ടിക്കുകയാണ്. ചിലർക്ക് ചില അത്ഭുതങ്ങളാണ് ആവശ്യം. ചിലർക്ക് അല്പം കൂടി കരുതൽ തരുന്ന ദൈവത്തെ, മറ്റുചിലർക്ക് മക്കളുടെ ഭാവി, സാമ്പത്തീക സുരക്ഷിതത്വം ഇവയൊക്കെ നേടിത്തരുന്ന ദൈവത്തെ അങ്ങനെ ഓ രോരുത്തർക്കും വേ പ്രത്യേകതയോടെ ദൈവം സൃഷ്ടിക്കപ്പെടുന്നു.

മുങ്ങിത്താഴാൻ ശ്രമിക്കുന്നവന് ഏത് കച്ചിത്തുരുമ്പും ആശ്രയമായി ത്തോന്നില്ലേ എന്ന ചോദിച്ചേക്കാം. ഈ വിചാരത്തിൽ നന്മയും തിന്മയുമു്. നന്മ ഇതാണ്: ഒരാൾ പ്രതീക്ഷ നഷ്ടപ്പെട്ട് സ്വയം ഇല്ലാതായിത്തീരാതെ ഒരു ശക്തിയിൽ ആശ്രയിക്കുന്നു. തന്മൂലം പ്രത്യാശയോടെ ജീവിക്കുന്നു. എന്നാൽ ഇതിനൊരു മറുവശമുള്ളത്, ഓരോരുവനും സ്വയം കേന്ദ്രീകൃതമാകുന്നു എന്നതാണ്. ക്രിസ്തുസ്വഭാവത്തെ മനുഷ്യന് മന ിലാക്കിക്കൊടുക്കാൻ വേിയാണ് സുവിശേഷത്തിൽ ക്രിസ്തുവിന്റെ അത്ഭുതങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ക്രിസ്തുസ്വഭാവത്തിൽ ഒരു സാമൂഹിക പ്രതിബദ്ധതയുംകൂടി വെളിവാക്കപ്പെടുന്നു്. പക്ഷെ, അതുമറന്നിട്ട് ദൈവവിശ്വാസം ചില വ്യക്തിപരമായ നേട്ടങ്ങൾക്കുമാത്രമുള്ളതായി മന ിലാക്കുമ്പോൾ നമ്മു ടെ കമ്മ്യൂണിറ്റിയുടെ പ്രശ്നങ്ങളെ നാം മറക്കുന്നു; ഞാനൊരു സ്വാർത്ഥനാകുന്നു.

ഒരു പരീക്ഷണത്തെക്കുറിച്ച് പറയാം: നീളമുള്ള ഒരു ടണലിലൂടെ 100 പേരെ കയറ്റിവിട്ടു. അവരോട് പറഞ്ഞു, അതിന്റെ കൃത്യം നടുവിലായി ഒരു ചുവന്ന ലൈറ്റ് കത്തിനിൽപ്പുാവും എന്ന്. ഈ ലൈറ്റ് 80 പേരും കു. എന്നാൽ ഈ ചുവന്ന ലൈറ്റ് ഉായിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതായത് നൽകപ്പെടുന്ന നിർദ്ദേശങ്ങൾ അതേപടി സ്വീകരിക്കുന്നവർക്ക് അവയൊക്കെ അനുഭവിക്കാനാവുന്നു. സ്വീകരിക്കാത്തവർക്ക് പ്രത്യേകിച്ചൊന്നും തോന്നുകയില്ല. മാതാവിന്റെ ഫോട്ടോയിൽ നി ന്ന് കണ്ണുനീർ ഒഴുകുന്നു എന്ന് പ്രചരിപ്പിക്കപ്പെടുമ്പോൾ മുൻ പറഞ്ഞ പരീക്ഷണങ്ങളിൽ നടന്നതിനോട് സമാനമായ കാര്യങ്ങളാണ് സംഭവി ക്കുന്നത്.

മറ്റൊരു കാര്യമുള്ളത് ബുദ്ധിമാന്ദ്യമുള്ള കുട്ടി, കയ്യില്ലാത്ത വ്യക്തി ഇവരൊന്നും സാധാരണ അവസ്ഥയിൽ എത്തിച്ചേർന്നതായി പറയുന്ന ഒരു അത്ഭുതവും കേട്ടിട്ടില്ല. അതായത് ഇല്ലാത്തയൊന്നിനെ സൃഷ്ടിക്കുന്നതിനെയല്ല, മറിച്ച് അപൂർവ്വമായെങ്കിലും സാംഭവ്യമായത് സംഭവിക്കുമ്പോഴാണ് അതിനെ അത്ഭുതം എന്ന് വിളിക്കുന്നത്.

ഒരു മനഃശാസ്ത്രജ്ഞൻ അനേ ്വഷിക്കുന്നത് അത്ഭുതങ്ങൾ ശരിയോ തെറ്റോ എന്നല്ല, അവകൊ് മനുഷ്യന് പ്രയോജനം ഉോ എന്നാണ്. അത്ഭുതങ്ങൾ വളരെപ്പേർക്ക് പ്രയോജനകരമാണെന്നിരിക്കെ അത് നിരാകരിക്കേിതില്ല. എന്നാൽ ആത്മീയത അത്ഭുതങ്ങളിൽ മാത്രമായി ഒതുങ്ങിപ്പോകുവാനും പാടില്ല. അത്ഭുതപ്രവർത്തനങ്ങളിലും രോഗശാന്തികളിലും മാത്രമായി തങ്ങിനിൽക്കുന്ന ആത്മീയത വളരെ ദുർബലമായിരിക്കും. എന്നാൽ ഇവ ചിലരുടെ ആ ത്മീയ വളർച്ചയ്ക്ക് സഹായിച്ചേ ക്കാം. 'ബോൺവിറ്റ' മാത്രം കഴിച്ച് ജീവിക്കാനാവില്ല. എന്നാൽ അത് വളർച്ചയെ സഹായിച്ചേക്കാം എന്നതുപോലെ അത്ഭുതങ്ങൾ ആത്മീയതയെ വളർത്തുന്ന നൂറായിരം കാര്യങ്ങളിൽ ഒന്നുമാത്രം.

പ്രാർത്ഥിച്ച് അസുഖം മാറി, ദൈവത്തിലേയ്ക്ക് അടുത്തവരുടെ ആത്മീയത വികലമാകണമെന്നുോ? ചിലർക്ക് പൊറോട്ട ഇഷ്ടം; ചിലർക്ക് ചപ്പാത്തി ഇഷ്ടം എന്നു പറയുംപോലെ. ചിലർക്ക് അത്ഭുതം കാലേ തൃപ്തിയാകൂ. മറ്റുചിലർക്കോ അതൊരു സിനിമകാണുംപോലെ ചിരിച്ച് തള്ളാനും. ചിലർക്ക് നല്ല സാഹിത്യകൃതി വായിക്കുന്നത്, ചിലർക്ക് പള്ളിയിൽ ശാന്തമായിരിക്കുന്നത്, ചിലർക്ക് സാധുക്കളെ ശുശ്രൂഷിക്കൽ, ചിലർക്ക് പാട്ട്, കുർബ്ബാന ഇങ്ങനെ വൈവിധ്യമാർന്ന കാര്യങ്ങളാണ് ഓരോരുത്തർക്കും ആത്മീയ വർദ്ധനയ്ക്ക് ആവശ്യമായിട്ടുള്ളത്. നമ്മോടൊപ്പം കഷ്ടപ്പെടുന്ന ക്രിസ്തു എന്ന ചിന്ത വളരെ ബുദ്ധിപരമായി ചിന്തിക്കുന്ന ആളുകൾക്ക് ഒക്കെയാവും ദഹിക്കുക. എന്നാൽ സാധാരണക്കാരനാവട്ടെ, തന്നെ കഷ്ടപ്പെടുത്തുന്ന, എല്ലാ സാമൂഹിക ചുറ്റുപാടുകളിലും മാറ്റം വരുത്തുന്ന, തന്നെ വേദനകളിൽ നിന്ന് മോചിപ്പിക്കുന്ന അങ്ങനെ നല്ലയൊരു ജീവിതം തനിക്ക് തരുന്ന


**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | | |
|---|---|---|
| 2 വർഷത്തേക്ക് | - | 100 രൂ. |
| ആയുഷ്ക്കാലംമ | - | 1000 രൂ. |
| വിദേശത്ത് | - | 4000 രൂ. (100 ഡോളർ) |

വരിസംഖ്യാ കാലാവധി തീർന്നവർ പുതുക്കുക.

ഒരു ക്രിസ്തുവിനെയാണ് ആവശ്യം. ഇ വിടെ എത്രയധികം മതങ്ങളാണുള്ളത്. ഓരോതരം ആത്മീയ പോഷണമാണ് വിവിധതരം ആളുകൾക്ക് ആ വശ്യമുള്ളത് എന്നതാണ് ഇതിന് കാരണം. ഉദാഹരണമായി എത്ര നന്നാ യി പാൽപ്പായസം വച്ചാലും ചിലർക്ക് അത് ഇഷ്ടമായെന്നുവരില്ല. അതുകൊുതന്നെയാണ് ഇന്ന സഭയു ടെ ആരാധനയാണ് മറ്റുള്ളവയേക്കാൾ മെച്ചമെന്ന് നമുക്ക് തീർപ്പാക്കാൻ കഴിയാതെ പോകുന്നത്. അതുകൊ് ഭക്ഷണത്തിന്റെ കാര്യത്തിലെപോല ആത്മീയതയുടെ കാര്യത്തിലും ഈ വ്യത്യസ്തത, ആവശ്യഘടകം തന്നെയാണ്. എന്റെ ജീവിതത്തിൽ എന്റെ കമ്മ്യൂണിറ്റിയുടെ ജീവിതത്തിൽ, ദൈവാന്വേഷണത്തിൽ, ഞങ്ങളെ സഹായിക്കുന്നതൊക്കെയും ദൈവാനുഭവമായി മാറുന്നു.

ഒരു വിധവയുടെ മകൻ മരിക്കുമ്പോൾ ക്രിസ്തു അവനെ ഉയിർപ്പിക്കുന്നു. ഇതേ സമയം തന്റെ മരിച്ചുപോയ കുഞ്ഞുമായി ബുദ്ധന്റെയടുത്തുവരുന്ന ഒരു സ്ത്രീയെ ആരും മരിക്കാത്ത വീട്ടിലെ കടുക് കൊുവരാൻ പറഞ്ഞുവിടുകയാണ്. അങ്ങനെ അവൾക്ക് മരണമെന്ന യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാൻ ബുദ്ധൻ കരുത്തുകൊടുക്കുകയായിരുന്നു എന്ന് കരുതപ്പെടുന്നു. യേശുക്രിസ്തു തന്റെ ജീവിതകാലത്ത് ആകെ രുപേരെ മാത്രമേ ഉയർപ്പിച്ചതായി പറയുന്നുള്ളൂ. വീം എത്രയോ പേർ അവനുചുറ്റും മരണപ്പെട്ടു. തന്റെ അമ്മയുടെ ബന്ധുക്കൾ, യൗസേപ്പ് പിതാവ്, തന്റെ വചനം ശ്രവിച്ച അനേകർ. എന്നാൽ അവൻ ചിലരെ മാത്രം ഉയർപ്പിച്ചതിന് കാരണമില്ലാതിരിക്കില്ല. ചില തിരിച്ചറിവുകൾ, പാഠങ്ങൾ ഇവ സമൂഹത്തിന് നൽകേു് എന്നതിനാലാണ് അത്ഭുതങ്ങൾ പ്രവർത്തിക്കപ്പെടുന്നത്. അതായത് ഒരു പ്രത്യേക സന്ദേ ശം സമൂഹത്തിന്, വ്യക്തികൾക്ക് നൽകാൻ വേി മാത്രമാണ് കർത്താവും മറ്റ് ആത്മീയഗുരുക്കന്മാരും അത്ഭുതങ്ങൾ ചെയ്തത് അല്ലാതെ സ്വയം ഒരു 'അത്ഭുതം' ആയിത്തീരാനല്ല.

ബൈബിളിലെ ക്രിസ്തു അത്ഭുത പ്രവർത്തകൻ മാത്രമല്ല. അത് അവന്റെ അനേകം മുഖങ്ങളിലൊന്നുമാത്രമാണ്. അവന് വേറെയും മുഖങ്ങളു്. ചിരിക്കുന്ന, തകർക്കപ്പെട്ട, സ്നേഹിക്കുന്ന, കരയുന്ന മുഖങ്ങൾ. സെയ്ന്റ് ജോൺ തന്റെ സുവിശേഷത്തിൽ അത്ഭുതങ്ങൾ എന്ന വാക്ക് ഉപയോഗിക്കുന്നതേയില്ല. മറിച്ച് അ ടയാളങ്ങൾ എന്നത്രേ പറയുക. ഈ അടയാളങ്ങളുടെ സഹായത്തോടെ അവൻ മനുഷ്യരെ ആദ്ധ്യാത്മികതയുടെ ആഴങ്ങളിലേയ്ക്ക് നയിക്കുകയായിരുന്നു. അടയാളങ്ങളിൽ കുടുങ്ങിക്കിടക്കാനല്ല അവൻ ആവശ്യപ്പെടുന്നത്.

കരയുന്ന ഒരാളെ ഞാൻ ആലിംഗനം ചെയ്ത് ആശ്വസിപ്പിക്കുമ്പോൾ, ഒരാളെ തലോടി തലവേദന അകറ്റുമ്പോഴൊക്കെയും ചില അത്ഭുതങ്ങൾ തന്നെയാണ് നടക്കുന്നത്. ഓരോ സാഹചര്യങ്ങളാണ് ആവശ്യങ്ങളെ നിർണ്ണയിക്കുന്നത്. വിശക്കുന്നൊരാൾക്കുവേി അതോ അവന് ഭക്ഷണം കൊടുക്കാൻ ഒരാൾ തയ്യാറാകുമ്പോൾ അത് അത്ഭുതമായി മാറുന്നുവോ? കരയുന്നൊരാളെ ആ ശ്വസിപ്പിക്കുമ്പോഴും മറ്റെന്താണവിടെ സംഭവിക്കുന്നത്. ഒരത്ഭുതവും നിരാകരിക്കാൻ നമുക്കാവില്ല. യേശുവിന്റെ നാമത്തിൽ ഇപ്പോഴും പല അത്ഭുതങ്ങളും നടക്കുന്നു്. ഇതിലൂടെ പല വ്യക്തികളും സമൂഹവുമൊക്കെ ആത്മീയാഭ്യുന്നതി നേടുന്നുമു്.

നമ്മുടെ പരിമിതമായ ബുദ്ധിക്കനുസരിച്ച് വിവിധ കൺസെപ്റ്റുകൾ ചേർത്തുവച്ച് നാം 'ദൈവ'സങ്കല്പം ഉാക്കുന്നു. അത് ഓരോരുത്തരി ലും വിഭിന്നമാണ്. ഇവയിലേതാണ് ശരിയെന്ന് തർക്കിക്കുന്നത് കടലിൽ നിന്ന് ര് ചിരട്ടകളിൽ വെള്ളം കോരിവെച്ചിട്ട്, 'ഇതാണ് ശരി'യായതെന്ന് പരസ്പരം തർക്കിക്കുംപോ ലെ നി ാരമാണ്. ഒരാൾക്ക് ദൈവാനുഭവം കിട്ടേത് മറ്റൊരാൾക്ക് കിട്ടിയതുപോലെയാകണമെന്നുമില്ല. ചിലർക്ക് വലിയ അനുഭവങ്ങൾ ജീ വിതത്തിലുാകുമ്പോഴാണത് ലഭിക്കുക; മറ്റു ചിലർക്കാവട്ടെ അനുനിമിഷം അത് അറിയാനായെന്നുമിരിക്കും.

അത്ഭുതങ്ങൾ ചില ദൈവീക അനുഭവത്തിലേയ്ക്ക് ഒരാളെ നയിച്ചേക്കാം. അതേസമയം ചില കാ ര്യ ങ്ങ ളി ൽ അ ത്ഭു ത ങ്ങ ൾ സംഭവിക്ക ണം എന്നുമില്ല. ഇത് നമുക്ക് വിശദീകരിക്കാനാവില്ല. കാരണം എല്ലാചോദ്യങ്ങൾക്കും ഉത്തരമില്ലതന്നെ. അതുകൊാണ് ഇപ്പോഴും ദൈവശാസ് ത്രം വളരുന്നത്. 'ഞാൻ രക്ഷപെട്ടിരിക്കുന്നു' എന്ന് പറഞ്ഞുതീർക്കാൻ എങ്ങനെ സാധിക്കും? ഓരോ നിമിഷവും വളരുന്ന ആത്മീയ അന്വേഷണമാണ് ആത്മീയത. ഈ നിമിഷം നാം ദൈവാനുഭവം ലഭിക്കുന്നവരാകുമ്പോഴും അടുത്ത നിമിഷം നാം എങ്ങോട്ടുതിരിയുന്നു എന്നൊരു ചോദ്യമു്. ഒരനുഭവത്തിൽ നിന്നും ഒരാൾ നീങ്ങേത് അതിലും ശക്തമായ മറ്റൊരനുഭവത്തിലേയ്ക്കാകണം. ഒരത്ഭുതം കാണുമ്പോഴേ പൂർണ്ണമാകുന്നതല്ല ദൈവാനുഭവം. നാം ദൈവാന്വേഷണത്തിലായിരിക്കുമ്പോൾ അത്ഭുതം നടന്നാൽ അത് ഒരു പരിധിവരെ അന്വേഷണത്തെ സഹായിക്കുകയമാത്രമാണ്. അത് കഴിഞ്ഞുള്ള ദൈവാന്വേഷണത്തിൽ അതിനുമപ്പുറം എന്തെങ്കിലും വേിവരും. നാമൊരു സ്ഥലത്തേയ്ക്കുള്ള വഴികത്തൊൻ ഒരു ബോർഡ് നോക്കുന്നു. അതുവഴി പോകുമ്പോൾ വീം വഴിതിരിയുന്നു. അങ്ങനെ പലവഴിതിരിഞ്ഞാവും നാം ലക്ഷ്യത്തിലെത്തേത്. ഇപ്പോൾ അത്ഭുതമാണ് നടന്നതെങ്കിൽ അടുത്തപടി സഹനമാകും. വീം മറ്റെന്തെങ്കിലും ഒരനുഭവം അങ്ങനെ അതിനുമപ്പുറത്തേയ്ക്ക് നമ്മെ കൊുപോകും. ദൈവാന്വേഷിയുടെ തുടർച്ചയായുള്ള ഒരു വളർച്ചയ്ക്ക് ഓരോ ഘട്ടത്തിലൂടെയും കടന്ന് ഒരു ആഴമേറിയ ആത്മീയതയിൽ എത്തിച്ചേരണം. മരിച്ചു എന്ന് ഡോക്ടർമാർ

# സഭൈക്യം: നിത്യജീവനായുള്ള ദൗത്യം

(വി. യോഹന്നാൻ 17:20–26)

ഫാ. ബിനോയ് ജോൺ

**ദൈ**വഹിതാന്വേഷണം കാലാനുസൃതമായി നടക്കേ ചുമതലയാണ്. യേശു തന്റെ ശിഷ്യന്മാർക്കുവേി പ്രാർത്ഥിക്കുന്നതാണ് ഈ അദ്ധ്യായത്തിലെ പ്രമേയം. ഈ ലോ കത്തിൽ താൻ തെരഞ്ഞെടുത്തവരും അവരിലൂടെ ദൈവപുത്രനിൽ വിശ്വസിക്കുന്നവരും തന്റെ മഹത്വത്തിൽ പങ്കുചേർന്ന് ഐക്യത്തിൽ വസിക്കണമെന്ന യേശുവിന്റെ താല്പര്യം ഈ വേദഭാഗം മുന്നോട്ടുവയ്ക്കുന്നു.

ഈ സുവിശേഷം രചിച്ചതിന്റെ ഉദ്ദേശ്യം യോഹന്നാൻ വ്യക്തമാക്കുന്നു (20:30–31). "ഇവ എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുന്നത് നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ നിത്യജീവൻ ഉാകുന്നതിനും വേിയാണ്." ക്രിസ്തു തെരഞ്ഞെടുത്ത ശിഷ്യന്മാർക്ക് മാത്രമല്ല ക്രിസ്തുവിന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും നിത്യജീവൻ ഉാകുന്നതിനും വേിയാണ് ക്രിസ്തു പ്രാർത്ഥിക്കുന്നത് (വാക്യം 20).

പിതാവായ ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹവും ബന്ധവും യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ ചരിത്രത്തിൽ അനാവരണം ചെയ്യുകയായിരുന്നു. പുത്രനിലൂടെ പിതാവ് ഈ ലോകത്തിൽ വെളിപ്പെടുകയായിരുന്നു. 'ഞാനും പിതാവും ഒന്നാണ്' എന്ന് ക്രിസ്തു പറയുന്നു (വാക്യം 10:30) പിതാവ് പുത്രനിൽ സജീവനാണ് എന്ന് വെളിപ്പെടുത്തുന്നു (വാക്യം 14:10).

ക്രിസ്തു പ്രാർത്ഥിക്കുന്നത് തന്റെ ശിഷ്യന്മാർക്കുവേി മാത്രമല്ല, അവരുടെ വചനം മൂലം തന്നിൽ വിശ്വസിക്കുന്നവരും ഒന്നായിരിക്കുന്നതിനും വേിയാണ്. പിതാവ് പുത്രനെ അയച്ചു എന്ന് ലോകം അറിയുന്നത് പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ തന്നിൽ വിശ്വസിക്കുന്നവരും ഒന്നായിരിക്കുന്നതിലൂടെയാണ്. അവരെല്ലാവരും ഒന്നായിരിക്കേത് ദൈവത്തിന്റെ മഹത്വം സഭയിലൂടെ വെളിപ്പെടുത്തേതിനാണ്. സഭയുടെ ഐക്യത്തിലൂടെ ദൈവത്തിന്റെ മഹത്വമാണ് വെളിപ്പെടുന്നതെങ്കിൽ സഭയുടെ അനൈക്യം ദൈവമഹത്വത്തിന്റെ അനാദരിക്കലായി മാറുകയാണ്. സഭയുടെ ഐക്യം ദൈവമഹത്വത്തിനാണ് എന്ന തിരിച്ചറിവ് പ്രാഥമികമായി ഉാകേ ഒന്നാണ്. ദൈവതാല്പര്യം അന്വേഷിക്കാതെയും അ തിന് പ്രത്യുത്തരം കൊടുക്കാതെയും ഒഴിഞ്ഞുമാറുന്നത് ദൈവനീതിയോടും ദൈവതാല്പര്യത്തോടുമുള്ള പുറംതിരിയലായി തിരിച്ചറിയണം.

സഭയുടെ ഐക്യം ഭൗതീകമായ താല്പര്യമല്ല. യേശുക്രിസ്തുവിന്റെ പ്രാർത്ഥനയിലുള്ള പങ്കുചേരലാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്ന വിശ്വാസസമൂഹമാകുന്ന സഭ ക്രിസ്തുവിനെയും പിതാവാം ദൈവത്തെയും ഈ ലോകത്തിൽ വെളിപ്പെടുത്തുകയാണ് ചെയ്യേത്. സഭയുടെ ഐ ക്യം ദൈവവിളിയിലുള്ള പങ്കുചേരലായി മന ിലാക്കണം. സഭ അവളു ടെ വിളിയിൽ നിന്ന് മാറി സ്വാർത്ഥപരമായ താല്പര്യം അന്വേഷിക്കുന്നത് ലോകത്തിലുള്ള പങ്കുചേരലാണ്.

ക്രിസ്തു പ്രാർത്ഥിക്കുന്നത്, "ഞാൻ ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ല. ലോകത്തിൽ നിന്ന് അവരെ എടുക്കണമെന്നല്ല, ദുഷ്ടനിൽ നിന്ന് അവരെ കാത്തുകൊള്ളണമെന്നാണ് പ്രാർത്ഥിക്കുന്നത്" (വാക്യം 14–15). രുതരത്തിൽ 'ലോക'ത്തെ മന ിലാക്കുന്നു. ഒന്ന് 'ലോകം' തിന്മയാണ്. രാമതായി, നാം ജീവിക്കുന്ന 'വ്യാവഹാരിക ലോകം'. ക്രിസ്തു പ്രാർത്ഥിക്കുന്നത് തന്റെ ശിഷ്യസമൂഹമാകുന്ന സഭയെ ഈ ലോകത്തിൽ നിന്ന് (വ്യാവഹാരികലോകം) എടു

---

വിധിയെഴുതിയ ചിലർ ജീവിതത്തിലേയ്ക്ക് തിരിച്ചുവരുന്ന അനുഭവങ്ങളു്. ഇ ത്തരം ആളുകൾ പറയുന്നത് മരിച്ചുപോയിട്ട് തിരിച്ചുവരിക എന്നതിനപ്പുറം ഒരു ദുരന്തം ഇല്ലെന്നത്രേ. അ ത്രയ്ക്ക് സുഖകരമാണ് ആ അവസ്ഥ എന്നാണ്. ആത്മീയതയിൽ വളർന്ന് ഒരു ഘട്ടം കഴിഞ്ഞാൽ മരണം പോ ലും പ്രശ്നമല്ലാതാകുന്നു. അതോടെ അത്ഭുതങ്ങൾ അപ്രസക്തങ്ങളായി മാറുന്നു.

അപ്പോൾ, 'ആത്മീയതയിൽ വളരാത്തതുകൊാണോ അത്ഭുതങ്ങൾ?' എന്നൊരു ചോദ്യമുയരാം. അത്ഭുതങ്ങൾ അപ്രസ്ക്തമാകുന്ന ഒരു ആത്മീയ വളർച്ച ഉന്നെതാണ് വാസ്തവം. മുൻ പറഞ്ഞതുപോലെ നമ്മുടെ ആത്മീയ യാത്രയിൽ, ദൈവത്തിന്റെ സാന്നിധ്യം തി രിച്ചറിയപ്പെടാൻ വേി പല ഘട്ടങ്ങളും വേിവരാമെന്നു മാത്രം. യേശുക്രിസ്തു തന്നെ വ്യത്യസ്ത രീതിയിലാണ് വ്യത്യസ്ത വ്യക്തികളോട് പെരുമാറുന്നത്. എല്ലാറ്റിനും അതീതമായ ആത്മീയത എന്നത് എല്ലായ്പ്പോഴും ദൈവം എന്റെകൂടെ നടക്കുന്നു എന്ന തിരിച്ചറിവാണ്.

ചുരുക്കത്തിൽ, അത്ഭുതങ്ങളെ ദൈവാനുഭവത്തിന്റെ ഭാഗമായി കാണുന്നതിൽ തെറ്റില്ല. ഒപ്പംതന്നെ, അത്ഭുതങ്ങൾ മാത്രമാണ് ദൈവീകത എന്ന ചിന്ത തിരസ്കരിക്കേതുമാണ്. അത്ഭുതങ്ങൾക്കപ്പുറത്തേയ്ക്കും വളരേതാണ് ആത്മീയത. രാമത്, അത്ഭുതങ്ങൾ നിമിത്തമുാകുന്ന ആത്മീയതയെ കുറച്ചുകൂടി വിമർശനാത്മകമായി സമീപിക്കേതു്. സ്വാർത്ഥതാല്പര്യത്തിനോ, അതോ, സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേിയോ അതുപയോഗിക്കപ്പെടുന്നത് എന്ന് നാം അന്വേഷിക്കണം. ഒരു പ്രവൃത്തി ദൈവീകമോ അല്ലാത്തതോ എന്ന് നാം നിർണ്ണയിക്കുന്നത് അതിന്റെ പരിണിതഫലത്തിൽ നിന്നുമാണ്. പാറയ്ക്കടിയിലൂടെ ●

ക്കണമെന്നല്ല. സഭ ഈ ലോകത്തിൽ ഉത്തരവാദിത്തങ്ങളിൽ നന്നും ഇടപെടലുകളിൽ നിന്നും ബാദ്ധ്യതകളിൽ നിന്നും ഒളിച്ചോടുകയല്ല പ്രത്യുത, ഈ ലോക ത്തിൽ തിന്മയ്ക്ക് അനുരൂപമാകാതെ ക്രിസ്തുവിനെപ്പോലെ ബദലായി മാറണം. ക്രിസ്തു ഈ ലോകത്തിൽ പിതാവിനെ വെളിപ്പെടുത്തിയതുപോ ലെ സഭ ക്രിസ്തുവിനെ വെളിപ്പെടുത്തണം. ക്രിസ്തു ലോകത്തിന്റേതല്ലാത്തതുപോലെ സഭയും ലോക ത്തിന്റേതല്ലാത്തതായി മാറണം. ക്രി സ്തുവിന്റെ താല്പര്യത്തിന് മുൻഗണന കൊടുക്കുന്നതായിരിക്കണം സഭയുടെ താല്പര്യം.

സത്യത്താൽ വിശുദ്ധീകരിക്കപ്പെട്ട സമൂഹമായി മാറുക എന്നതാണ് സഭയെപ്പറ്റിയുള്ള ക്രിസ്തുവിന്റെ താല്പര്യം (വാക്യം 17). 'വിശുദ്ധീകരിക്കപ്പെട്ട'തിന് ഉപയോഗിച്ചിരിക്കുന്നത് ഹഗിയാസെയിൻ എന്ന ഗ്രീക്കുപദമാണ് ഹഗിയോസ് എന്ന നാമവിശേഷണത്തിൽ നിന്നാണ് ഹഗിയാസെയിൻ രൂപപ്പെട്ടിരിക്കുന്നത്. ഹഗിയോസ് എന്ന പദത്തിന്റെ ആധികാരിക വിവർത്തനം പരിശുദ്ധ (holy) എന്നാണർത്ഥം. അതിന്റെ മൂലരൂപത്തിന് 'വ്യത്യസ്തമായത്,' 'വേർതിരിക്കപ്പെട്ടത്' (different, seperated) എന്ന് അർത്ഥം കുറിക്കുന്നു. അതായത് 'ഹഗിയാസെയിൻ' ര് ആശയങ്ങൾ ഉൾക്കൊള്ളുന്ന പദമാണ്.

സത്യത്തിൽ വിശുദ്ധീകരിക്കപ്പെട്ട സമൂഹമാകുന്ന സഭയ്ക്ക് ഈ ലോകത്തിന് അനുരൂപമായ വിളിയല്ല ഉള്ളത്. വ്യത്യസ്തത പുലർത്തുന്ന വിളിയാണ് ഉള്ളത്. ദൈവസ്വഭാവം ഈ ലോകത്തിൽ വെളിപ്പെടുത്തുന്നതിലാണ് സഭയുടെ വ്യത്യസ്തത ലോകം തിരിച്ചറിയുന്നത്. ക്രിസ്തു തന്റെ ശിഷ്യസമൂഹമാകുന്ന സഭയ്ക്കുവേി പ്രാർത്ഥിക്കുന്നത് അ വർ തന്നെപ്പോലെയായിത്തീരുന്നതിനുവേയാണ്. ദൈവരാജ്യത്തി ന്റെ പ ുളിപ്പായിത്തീരേ സഭ ഭിന്നതയിലും അനൈക്യത്തിലും സ്നേ ഹരാഹിത്യത്തിലും നീതിനിഷേധത്തിലും കഴിഞ്ഞുകൂടുമ്പോൾ സഭ ക്രിസ്തുവിനെ പീഡിപ്പിക്കുകയാണ്. (ശൗൽ സഭയെ പീഡിപ്പിച്ചപ്പോൾ ക്രി സ്തുതന്നെയാണ് പീഡിപ്പിക്കപ്പെട്ടത്. അപ്പോ. പ്രവൃ. 9:5-6). ദൈവഹിതം കാലാനുസൃതമായി അന്വേഷിച്ച് അതിനനുസൃതമായി പ്രതികരിക്കുന്നതിനുള്ള വിനയം സഭയ്ക്ക് എല്ലാക്കാലത്തും ഉാക്കേതാണ്.

യോഹന്നാന്റെ സുവിശേഷരചനയുടെ താല്പര്യവും യേശുവിന്റെ പ്രാർത്ഥനയും നമുക്ക് നിത്യജീവൻ ഉാകണമെന്നതാണ് (17:2). യേശുവിന്റെ താല്പര്യം ശിഷ്യന്മാർ ഒന്നാകുന്നതിലാണ്. സഭയുടെ ഐക്യം ക്രിസ്തു വാഗ്ദാനം ചെയ്യുന്ന നിത്യജീവനുവേിയാണ്. ഐക്യപ്രക്രിയയിൽ പങ്കുചേരുന്നത് നിത്യജീവനിലുള്ള പങ്കുചേരലാണ്. സ്വാർത്ഥപരമായ താല്പര്യങ്ങൾ ഉപേക്ഷിക്കുമ്പോൾ മാത്രമേ സഭയുടെ ഐക്യപ്രക്രിയയിൽ ഗൗരവമായി പങ്കുചേരാൻ കഴിയൂ.

നിത്യജീവൻ വെളിപ്പെടുന്നത് പുത്രന്റെ 'മഹത്വ'ത്തിലാണ്. പുത്രനെ അയച്ചത് പിതാവിന്റെ മഹത്വം വെളിപ്പെടുത്തുന്നതിനാണ്. മാനവവംശത്തിനുവേി തന്റെ പുത്രനെ കൊടുക്കുന്നതിലൂടെ അതിലുപരിയായി സ്നേഹം വെളിപ്പെടുത്താനാവുകയില്ല എന്ന് പിതാവ് വ്യക്തമാക്കി. ക്രിസ്തുവിന്റെ മഹത്വം എന്നത് തന്റെ ക്രൂശ് മരണവും ഉയിർപ്പുമാണ്. സ്നേഹത്തിന്റെ പൂർണ്ണതയാണത്. പിതാവ് തന്റെ പുത്രനിലൂടെ വെളിപ്പെടുത്തിയ മഹത്വത്തിൽ പുത്രനോടൊപ്പം സഭയും പങ്കുചേരുമ്പോഴാണ് മഹത്വം കാലികമായി ലോകം അറിയുന്നത് (വാക്യം 24). സത്യത്തിനുവേയുള്ള ത്യാഗപൂർണ്ണമായ സാക്ഷ്യമാണ് സഭയ്ക്ക് ഈ ലോകത്തിൽ വെളിപ്പെടുത്തുവാനുള്ളത്.

പിതാവ് പുത്രനെ ഈ ലോകത്തിലേയ്ക്കയച്ചത് പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കേതിനും അങ്ങനെ ലോകം വിശ്വസിക്കേതിനുമാണ് എന്നത്രേ (വാക്യം 21). 'അയച്ചു' എന്നത് ദൗത്യത്തെ (mission) ദ്യോതിപ്പിക്കുന്ന പദമാണ്. ക്രിസ്തുവിൽ വെളിപ്പെട്ട സത്യം ശിഷ്യസമൂഹമാകുന്ന സഭയിലൂടെ തുടരുക എന്നതാണ് സഭയുടെ ദൗത്യം. സഭയുടെ യോജിപ്പിനായുള്ള പ്രവർത്തനം ഭരമേല്പിക്കപ്പെട്ട ദൗത്യമാണ്.

ദൈവം ഈ ലോകത്തിൽ വെളിപ്പെടുത്തുന്ന ഭാഷകളെ തിരിച്ചറിയുന്നതിനും വേവിധത്തിൽ ഉപയോഗപ്പെടുത്തുന്നതിനും കഴിയണം. ആരാധനയിലും ദൈവശാസ്ത്രത്തിലും സഭാശാസ്ത്രത്തിലും ഭിന്നതയില്ലാത്ത മലങ്കരയിലെ ഇരു സഭവിഭാഗങ്ങളും ഒന്നിക്കുന്നതിന് ദൈവം സംസാരിക്കുന്ന ഭാഷയും മാധ്യമവുമാണ് കോടതിവിധികൾ എന്ന് മന ിലാക്കാൻ കഴിയേതല്ലേ. ദൈവം വെളിപ്പെടുത്തിയ ഭാഷയും മാർഗ്ഗവും വേവിധത്തിൽ മന ിലാക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും കഴിയാതെ പോകുന്നു. സ്വാർത്ഥ താല്പര്യങ്ങൾ വെടിഞ്ഞ് തന്റെ സഭാഗാത്രം ഒന്നായിത്തീരണം എന്നത് ദൈവതാല്പര്യവും ദൗത്യവുമായി തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് ദൈവം വീും അവസരം നൽകിയിരിക്കുകയാണ്. സഭയുടെ യോജിപ്പ് ദൗത്യ നിർവ്വഹണത്തിനുവേയു ള്ള ഉപാധിയായി മന ിലാക്കി പ്ര വർത്തിക്കുന്നതിനുള്ള വിവേകമാണ് ഉാക്കേത്. ദൈവം സംസാരിക്കു ന്ന ഭാഷകളും രീതികളും നിർദ്ദേശങ്ങളും അന്വേഷിച്ച് കത്തെുന്നതിന് നമുക്കാവണം. ആ നിർദ്ദേശങ്ങൾ അനുസരിക്കണം. വാസ്തവത്തിൽ നമ്മുടെ ജീവിത ലക്ഷ്യംതന്നെ അതാകേു. സഭയുടെ യോജിപ്പിനായി ദൈവം നൽകിയ മാധ്യമമാണ് ഐക്യത്തിനുവേയുള്ള കോടതിവിധി.

ദൈവം നമുക്ക് അവസരങ്ങൾ തരുന്നു. ലോകത്തോട് നാം ഇഴുകിച്ചേരുമ്പോൾ അത് കത്തെനാകാ തെ പോകുന്നു. യോജിപ്പിനായുള്ള അന്വേഷണം ദൈവഹിതമാണ്. പ്രകൃതിയിൽ നിന്നെന്നതുപോലെ ദൈവം നമുക്ക് നൽകുന്ന ഭാഷകളെ വായിച്ചെടുക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമാവണം. സഭയുടെ ഐക്യം നിത്യജീവനുവേയുള്ള ദൗത്യനിർവ്വഹണമാണ്. ദൈവത്താൽ ഭരമേല്പിക്കപ്പെട്ട ദൗത്യം.

●

*പ്രത്യാശാശ്രുതി*

# സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം

കൊച്ചുപറമ്പിൽ, ഗീവർഗീസ് റമ്പാൻ

നമ്മുടെ ജീവിതത്തെക്കുറിച്ച് നാം വളരെ ഉത്കണ്ഠപ്പെടുന്നു. എന്നാൽ അതുകൊ് നാം ഒന്നും തന്നെ നേടുന്നില്ല. പൂർണ്ണതയോടെ ജീവിച്ചാൽ മാത്രമേ ജീവനെക്കുറിച്ച് അറിയുവാൻ കഴിയൂ. സത്യത്തെ പരിചയപ്പെടുവാനുള്ള ഏക മാർഗ്ഗവും ഇതുതന്നെയാണ്. ഉണർന്നുകൊ് ജീവിക്കുക. ജാഗ്രതയോടെ യാത്ര ചെയ്യുക. ഒരിടത്തിരുന്ന് അതിനെ പ്രാപ്തമാക്കാൻ കഴിയുന്നരീതിയിലുള്ള മൃതവസ്തു അല്ല സത്യം. അതു വളരെ സജീവമായ ഒരു പ്രവാഹമാകുന്നു. എല്ലാം ത്യജിച്ച് ജീവനോടൊപ്പം തട ംകൂടാതെ ഒഴുകുന്ന വ്യ ക്തിയ്ക്കേ അത് ലഭിക്കുകയുള്ളൂ. എത്തുംപിടിയും കിട്ടാത്ത വിചാരങ്ങളിൽ മുഴുകുമ്പോൾ തന്റെ സമീപമുള്ളത് കൈവിട്ടുപോകും. നമ്മൾ വളരെ ദൂരെയാണ് എന്ന് ആലോചിച്ചുകൊിരിക്കുന്നതായ ആ സത്യം നമ്മുടെ അരികെത്തന്നെ ഒളിച്ചിരിപ്പ്ു. പക്ഷേ ആ തിരിച്ചറിവ് നമ്മിലില്ലാത്തതുകൊാണ് നമ്മൾ നിരാശരാകുന്നത്. ദൂരെയുള്ളതിനെ പ്രാ പ്യമാക്കുന്നതിന് നമ്മുടെയരികെയുള്ളതിനെ ആദ്യമേ പിടിച്ചെടുക്കേ ത് ഒഴിച്ചുകൂടാൻ വയ്യാത്ത കാര്യമല്ലേ? ഭാവിയിൽ സംഭവിക്കാൻ പോകുന്ന ഓരോ കാര്യവും ഈ നിമിഷത്തിൽ അടങ്ങിയിട്ടില്ലേ? ഒരു ചെറിയ അടിത്തറയിൽ നിന്ന് അനേകം നിലകളിലുള്ള ഫ്ളാറ്റുകൾ പടുത്തുയർ ത്താറില്ലേ? നമ്മെ കൈപിടിച്ച് നയിക്കുന്ന ഒരു ശക്തി നമ്മുടെ ചാരെയു് എന്നത് നമ്മിലുള്ള ഉത്കണ്ഠകൾക്ക് ഒരു അറുതിവരുത്തും.

ഒരു സൂഫി കഥയു്. ഒരു കൃഷിക്കാരൻ തന്റെ ജീവിതത്തിലാദ്യമായി ഒരു പർവ്വതയാത്രയ്ക്ക് പുറപ്പെട്ടു. ആ പർവ്വതം കൃഷിക്കാരന്റെ ഗ്രാമത്തിൽ നിന്ന് വളരെ ദൂരെയല്ലെങ്കിൽത്തന്നെയും അയാൾക്ക് ഒരിക്കൽപോലും അവിടെ പോകാൻ കഴിഞ്ഞിരുന്നില്ല. കൃഷിക്കാരന്റെ വയലിൽ നിന്ന് നോക്കിയാൽ പച്ചനിറം കൊ് മൂടപ്പെട്ട ആ പർവ്വതനിരകൾ കാണാൻ കഴിഞ്ഞിരുന്നു. ഈ കാഴ്ച കാണുമ്പോഴെല്ലാം അവിടെച്ചെന്ന് അതു കാണാനുള്ള ആഗ്രഹം കൃഷിക്കാരന്റെ മന ിൽ ഉയർന്നുകൊിരുന്നു. ഏതെങ്കിലുമൊക്കെ കാരണത്താൽ അത് നടക്കാതെപോയി. കഴിഞ്ഞ പ്രാവശ്യം പോകാനൊരുങ്ങിയപ്പോഴാണ് 'അരിക്കിലാമ്പി'ല്ലെന്ന കാര്യം മന ിലാക്കിയത്. പർവ്വതനിരകളിലെത്തിച്ചേരണമെങ്കിൽ അർദ്ധരാത്രിക്ക് പുറപ്പെടേ്. സൂര്യൻ ഉദിച്ചുയർന്നുകഴിയുമ്പോൾ പർവ്വതത്തിലേയ്ക്കുള്ള വി ഷമകരമായ കയറ്റം കൂടുതൽ വിഷമകരമായിത്തീരും. ഒരു ദിവസം അ യാൾ അരിക്കിലാമ്പു കൊുവരികയും പർവ്വതത്തിലേയ്ക്ക് പോകാനുള്ള സന്തോഷത്താൽ രാത്രിയിൽ ഉറങ്ങാതിരിക്കുകയും ചെയ്തു. രാ ത്രി ഏകദേശം 2 മണിയോടുകൂടി അയാൾ എഴുന്നേറ്റ് പർവ്വതത്തിലേയ്ക്ക് യാത്രപുറപ്പട്ടു. അല്പദൂരം നടന്നതിനുശേഷം പെട്ടെന്നയാൾ അസ്വസ്ഥതയോടെ നിന്നു. അയാളു ടെ മന ിൽ ഒരു വിചാരവും വിഷമവും ഉായി. അയാൾ ചുറ്റുപാടും നോക്കിയപ്പോൾ അമാവാസി രാത്രിയിലെ അന്ധകാരമാണ് ക ത്. ഇത്രയും അന്ധകാരം നിറഞ്ഞ രാത്രിയിൽ പത്തുമൈൽ ദൂരം നടന്നാലേ പർവ്വതത്തിലെത്തിച്ചേരാൻ കഴിയൂ. ഒരു മൈൽദൂരം കഴിയുന്നതിനുമുമ്പേ അരിക്കിലാമ്പ് കെട്ടുപോവുകയും ചെയ്തു. ഇക്കാര്യം അയാളെ ചിന്താക്കുഴപ്പത്തിലാക്കി. ഈ രാത്രിയിൽ പ്രകാശം ഇല്ലാതെ പോകുന്നത് ഉചിതമാണോ? സമുദ്രത്തിൽ പായ് കെട്ടാത്ത ചെറിയൊരുവള്ളവും കൊ ിറങ്ങിയാൽ എന്തായിരിക്കും സ്ഥി തി. അങ്ങനെ സൂര്യനുദിക്കുന്നതും കാത്ത് ആയാൾ ഗ്രാമത്തിനുപുറത്തിരുന്നു. അപ്പോൾ ഒരു വൃദ്ധൻ പർവ്വതത്തെ ലക്ഷ്യമാക്കി പോകുന്നത് അയാൾ ക ു. വൃദ്ധന്റെ കയ്യിലുള്ള അരിക്കിലാമ്പ് തന്റേതിനേക്കാൾ വ ളരെ ചെറുതായിരുന്നിട്ടുകൂടി യാ തൊരു സങ്കോചവുമില്ലാതെയാണ് അയാൾ ധൃതിയിൽ നടന്നുപോകുന്നതെന്ന കാര്യം കൃഷിക്കാരന്റെ ശ്രദ്ധയിൽ പെട്ടു. അയാൾ വൃദ്ധനെ തടഞ്ഞുനിർത്തിക്കൊ് തന്റെ വിഷമത്തെക്കുറിച്ച് പറഞ്ഞു.

അതിന് വൃദ്ധൻ ചിരിച്ചുകൊ് മറുപടി പറഞ്ഞു. "നിനക്ക് തലയ്ക്ക് സുഖമില്ലേ? ആദ്യം ഒരു പത്തടി നടന്നു നോക്കൂ. എത്രത്തോളം കാണാൻ കഴിയുന്നുവോ അത്രയും മുന്നോട്ടുപോകൂ. അതിനുശേഷം അത്രയും തന്നെ വീ ും കാണുവാൻ കഴിയും. ഒരടി കാണാൻ കഴിയുന്നുവെങ്കിൽ മുഴുവൻ ഭൂമിയും ചുറ്റിക്കറങ്ങാൻ കഴിയും." ആ കൃഷിക്കാരൻ വൃദ്ധൻ പറഞ്ഞ കാര്യം മന ിലായി. അങ്ങനെ അയാൾ എഴുന്നേറ്റ് നടക്കാൻ തുടങ്ങി. സൂര്യൻ ഉദിക്കുന്നതിനുമുമ്പു തന്നെ അയാൾ പർവ്വതത്തിലെത്തിച്ചേർന്നു.

വൃദ്ധൻ കൃഷിക്കാരന് പറഞ്ഞുമന ിലാക്കിക്കൊടുത്ത കാര്യം തന്നെയാണ് നാമും നമ്മുടെ ജീവിതത്തിന്റെ ഓരോ മാർഗ്ഗത്തിലും സ്വീകരിക്കേ ത്.

വ്യഥയിലും ആകുലതയിലും ആയിരിക്കുന്നവർക്ക് ലക്ഷ്യസ്ഥാനത്തെത്തുവാൻ സാധിക്കുകയില്ല. യാത്ര ചെയ്യുന്നവർക്കു മാത്രമേ ഉദ്ദേശിക്കുന്ന സ്ഥാനത്ത് എത്തിച്ചേരാൻ കഴിയുകയുള്ളൂ. പത്തടി മുന്നോട്ടുവയ്ക്കുമ്പോൾ വീ ും ദൂരെയുള്ള പത്തടി കാണുവാൻ കഴിയുന്ന വിധത്തിൽ ഓരോരുത്തരിലും പ്രകാശവും വിവേകവും ഉ ാകണം. അപ്പോൾ മാത്രമേ നമ്മുടെ ജീവിതം സമാധാനപരമായ പൂർണ്ണതയിലെത്തുകയു ●

*വേദപുസ്തക പഠനം:*
വി. ലൂക്കോസ 10:25-37

# നിന്നെ പകയ്ക്കുന്നവനെ നിന്റെ സ്നേഹിതനായി കണക്കാക്കുക

**ഡോ. തോമസ് അത്താനാസ്യോസ്**

നിത്യജീവൻ പ്രാപിക്കുവാൻ എന്തുചെയ്യണമെന്ന് ഒരു യഹൂദ മതപണ്ഡിതൻ ഒരിക്കൽ യേശുവിനോട് ചോദിച്ചു. ഇതു സംബന്ധിച്ച് യഹൂദ ന്യായപ്രമാണം എന്താണ് പഠിപ്പിക്കുന്നത് എന്ന മറുചോദ്യമായിരുന്നു യേശുവിന്റെ പ്രതികരണം. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനഠ ടും സ്നേഹിക്കുക; നിന്റെ അയൽക്കാരനെ നിന്നെപ്പോ ലെ തന്നെ സ്നേഹിക്കുക എന്നീ ഉ പാധികളാണ് ന്യായപ്രമാണം നിർ ദ്ദേശിക്കുന്നത് എന്ന് അയാൾ മറുപ ടി പറഞ്ഞു. യേശു യഹൂദാ പണ്ഡിതന്റെ മറുപടി അംഗീകരിക്കുകയും ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കുന്നതുവഴിയാണ്, നിത്യജീവൻ പ്രാപിക്കുന്നത് എന്ന് ന്യായപ്രമാണത്തിൽ നിന്നുതന്നെ അവനെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു.

പഴയനിയമത്തിലുള്ള ദൈവീക വെളിപാടിൽ നിന്ന് അന്യമായ പു തിയ ഉപദേശമൊന്നും നിത്യജീവപ്രാപ്തിക്കായി യേശു അവന് നൽകുന്നില്ല. അതിനാൽ ദൈവീക വെളിപാടി നു പുറമേ രക്ഷാമാർഗ്ഗം തേടേണ്ടതില്ല. നേരെമറിച്ച് മനുഷ്യനുായ ദൈ വീകവെളിപാടുകൾ വിനീതഹൃദയത്തോടെ തിരിച്ചറിഞ്ഞ് ആചരിച്ചാൽ മതിയാകുമെന്ന് യേശു ഇവിടെ വ്യ ക്തമാക്കുന്നു.

രക്ഷയാണ് മതജീവിതത്തിന്റെ പരമലക്ഷ്യമെങ്കിൽ അതിനുവേ അടിസ്ഥാനഗുണവിശേഷം സ്നേഹമാണ്. സ്നേഹം പുലർത്താത്ത മത-ആത്മീയ ജീവിതം അനുഷ്ഠാനപ്രധാനമാണ്. അതിന് വിമോചനശേഷി യോ രക്ഷാസ്വഭാവമോ ഇല്ല. അനുഷ്ഠാനങ്ങൾ, ആചാരങ്ങൾ, സാഹചര്യങ്ങളിൽ ഉയർന്നുവരുന്ന വിശ്വാസപ്രമാണങ്ങൾ എന്നിവയ്ക്ക് അമിതപ്രാധാന്യം നൽകുന്ന മതജീവിതം മനുഷ്യന് രക്ഷ നൽകുന്നില്ല. ഈ തിരിച്ചറിവുകളാണ് യേശു ആ മതപണ്ഡിതനിൽ സൃഷ്ടിക്കുന്നത്.

യേശുവിന്റെ മറുപടി പുതിയൊരു ചോദ്യം ഉന്നയിക്കുവാൻ അയാളെ പ്രേരിപ്പിച്ചു. ആരാണ് അയൽക്കാരൻ? അയൽവക്കത്ത് താമസിക്കുന്നവനാണോ? സ്വന്തം നാട്ടുകാരനാണോ? വിശ്വാസബന്ധമുള്ള സമൂഹത്തിലെ അംഗമാണോ? ഒരേ ദേശക്കാരനും ഒരേ ഭാഷ സംസാരിക്കുന്നവനും ഒരേ സംസ്ക്കാരം ഉള്ളവനുമാണോ? യഥാർത്ഥ അയൽക്കാരന് വ്യക്തമായ നിർവ്വചനം കൊടുക്കുവാൻ ഇവിടെ യേശു നിർബന്ധിതനാകുന്നു. ആശ യം വ്യക്തമാക്കുവാൻ ധാരണാപര (conceptual) മോ താത്വികമായോ ആയ ഒരു മറുപടി യേശു നൽകുന്നി ല്ല. നേരെ മറിച്ച് പ്രതീകാത്മകമായ ഒരു കഥയിലൂടെ യഥാർത്ഥ അയൽ ക്കാരനെ വരച്ചുകാട്ടുകയാണ്. അതാ ണ് 'നല്ല ശമരിയാക്കാരൻ' എന്ന പേരിൽ വിഖ്യാതമായ ഉപമ.

ഈ ഉപമയിൽ നാല് പ്രധാന കഥാപാത്രങ്ങളാണുള്ളത്. യാത്രയ്ക്കിടയിൽ മർദ്ദിക്കപ്പെടുകയും കവർച്ചയ്ക്ക് വിധേയനാകുകയും ചെ യ്ത ഒരു വഴിപോക്കൻ, അവൻ അർ ദ്ധപ്രാണനായി കിടക്കുന്നത് അവഗണിച്ച് ആ വഴി കടന്നുപോകുന്ന ഒരു പുരോഹിതൻ, അതുതന്നെ ആവർ ത്തിക്കുന്ന ഒരു ലേവ്യൻ, പിന്നെ, ആ ഹതഭാഗ്യനെ പരിചരിച്ച് രക്ഷപെടുത്തുന്ന ഒരു ശമരിയാക്കാരൻ. ഇവർ ക്ക് പുറമേ ഉപകഥാപാത്രമായ ഒരു സത്രമുടമയുമു്.

ഒരു മനുഷ്യൻ യെരുശലേമിൽ നിന്ന് യെറീഹോയിലേയ്ക്ക് യാത്ര ചെയ്യുമ്പോൾ കൊള്ളക്കാരുടെ അക്രമത്തിന് ഇരയാകുന്നു. അവർ അവ നെ മർദ്ദിച്ച് അവശനാക്കി അവന്റെ കൈവശമുായിരുന്നതെല്ലാം അപഹരിച്ച് വിവസ്ത്രനാക്കി വഴിയോര ത്ത് ഉപേക്ഷിച്ചുപോകുന്നു.

യെരുശലേം-യെറീഹോപാത കടന്നുപോകുന്നത് പാറക്കെട്ടുകൾക്കിടയിലൂടെ വളഞ്ഞുപുളഞ്ഞാണ്. ഇരുവശങ്ങളിലും ഉയർന്നും തള്ളിയും നിൽക്കുന്ന കൽക്കൂട്ടങ്ങൾക്കിടയിലൂടെയുള്ള ഇടുങ്ങിയ വഴിച്ചാൽ അപകടം നിറഞ്ഞാതാണ്. കവർച്ചക്കാർക്ക് മറഞ്ഞിരുന്ന് വഴിപോക്കരെ ആക്രമിച്ച് കൊള്ളയടിക്കാൻ പറ്റിയ ഇടങ്ങൾ നീളെയു്. അത്തരക്കാർ ഒളിഞ്ഞിരുന്ന് സമ്പന്നരെന്ന് തോന്നുന്ന യാത്രക്കാരെ പിടികൂടുക പതിവായിരുന്നു. അങ്ങനെയുള്ള ഒരു ക വർച്ചാസംഘത്തിന്റെ പിടിയിലാണ് ഈ കഥയിലെ ആദ്യകഥാപാത്രം അകപ്പെട്ടത്.

മൃതപ്രായനായി വഴിയരികിൽ ഉപേക്ഷിക്കപ്പെട്ട മനുഷ്യന്റെ സമീപത്തുകൂടി രുപേർ കടന്നുപോകുന്നു്. ആദ്യം വന്ന യഹൂദപുരോഹി തൻ മുറിവേറ്റുകിടക്കുന്ന മനുഷ്യനെ കമാത്രയിൽ മുഖംതിരിച്ച് പാതയുടെ മറുപുറം ചേർന്ന് ഒന്നുമറിയാ ത്തമട്ടിൽ നടന്നുപോയി. അയാൾ ക്കു പിന്നാലെ വരുന്നത് ആരാധനാശുശ്രൂഷയിലെ സഹായകനായ ഒരു ലേവ്യനായിരുന്നു. പുരോഹിതനെപ്പോലെ തന്നെ അവനും അയാളെ

തിരിഞ്ഞുനോക്കാതെ യാത്ര തുടർന്നു.

പുരോഹിതനും ലേവ്യനും ന്യാ യപ്രമാണം അറിയുന്നവരാണ്. രക്ഷ മതജീവിതത്തിന്റെ പരമലക്ഷ്യമെന്നറിഞ്ഞിട്ടും അതിനുള്ള മാർഗ്ഗമായ സ്നേഹം അവർ ഇവിടെ പ്രകടമാ ക്കുന്നില്ല. പുരോഹിതവിഭാഗത്തിൽ പെട്ട രുപേരും നല്ലപോലെ അറിയുന്ന ലേവ്യപുസ്തകത്തിലെ അടിസ്ഥാന ശാസനമാണ് അവർ അവഗണിച്ചുകടന്നുപോയത്. വെറുതെയ ല്ല ആദ്യത്തെ ര് വഴിപോക്കരായി യേശു പുരോഹിതനെയും ലേവ്യനെയും തിരഞ്ഞെടുത്തത്.

മുറിവേറ്റ് കിടക്കുന്നയാൾ യഹൂദേതരനാകാനും സാധ്യതയില്ല. കാര ണം യാതൊരു വിശേഷണവും കൂടാതെയാണ് യേശു അയാളെ അവതരിപ്പിച്ചിട്ടുള്ളത്. മറ്റേതെങ്കിലും നാട്ടുകാരനോ, മതവിശ്വാസിയോ ആയിരുന്നെങ്കിൽ അക്കാര്യം എടുത്തുപറയുമാ യിരുന്നു. അതായത് ക്ഷതം ഏറ്റ് കിടന്നിരുന്നയാൾ സ്വന്തം സമൂഹത്തിലും വിശ്വാസത്തിലും പെട്ട വ്യക്തിയാ യിരുന്നിട്ടുപോലും പുരോഹിതനും, ലേവ്യനും ആ മനുഷ്യന്റെ ദൈന്യ സ്ഥിതി അവഗണിച്ചു എന്നാണ് യേശു പറഞ്ഞതിന്റെ സൂചന. ആ മനുഷ്യൻ പെട്ടിരിക്കുന്ന അപകടാവസ്ഥ അവരിൽ യാതൊരു അനുകൂല പ്രതികരണവും സൃഷ്ടിച്ചില്ല.

ഇവർ എന്തുകൊ് മൃതതുല്യനായ ആ മനുഷ്യനെ അവഗണിച്ച് കടന്നുപോയെന്ന് യേശു സ്പഷ്ടമാക്കുന്നില്ല. ഒരുപക്ഷേ അവർക്ക് ഒഴികഴിവുകൾ പറയാനുാകും. പുരോഹിതന്മാർക്കും ലേവ്യർക്കും മൃതശരീരത്തെ സ്പർശിക്കുന്നതിൽ ന്യായപ്രമാണത്തിൽ അനുഷ്ഠാന നിരോധനമു്. ചോരയും നീരുമൊലിപ്പിച്ച് പൊടിയിൽ പുതഞ്ഞ് അനക്കമറ്റുകിടക്കുന്ന അയാളെ ഗൗനിക്കാതിരിക്കാൻ ഇതിലും നല്ല കാരണം പറയാനുാേ! മൗലീകവും അടിസ്ഥാന-ധർമപരവുമായ 'സ്നേഹിക്കുക' എന്ന ദൈവീകശാസനം അനുഷ്ഠാന നിയമത്തിന്റെ മറവിൽ അവഗണിക്കാൻ സാധിക്കുന്നതിന്റെ തെളിവാണിത്. അപ്രസക്തമായ അനുഷ്ഠാന-അച്ചടക്ക-മത ശാസനകൾക്ക് തന്റെ പഠിപ്പിക്കലുകളിൽ അമിതവിലയൊന്നും യേശു കല്പിച്ചിരുന്നില്ല. ദാവീദും കൂടെയുള്ളവരും വിശന്നപ്പോൾ വിശുദ്ധ അപ്പം ഭക്ഷിച്ചതിനെ യേശു ന്യായീകരിക്കുന്നുല്ലോ. ശബതിൽ ശിഷ്യന്മാർ കതിരുകൾ പറിച്ച് ഭക്ഷിച്ചതിനെയും, കൈകഴുകാതെ ഭക്ഷണം കഴിച്ച് യഹൂദനിയമം ലംഘിച്ചതിനെയും കുറ്റപ്പെടുത്തുന്നില്ല. എന്നാൽ ധാർമ്മിക നിയമങ്ങൾ കർശനമായാണ് യേശു തന്റെ ഗിരിപ്രഭാഷണത്തിൽ അവതരിപ്പി ക്കുന്നത്. ഇവിടെ അനുഷ്ഠാനത്തിന് ഊന്നൽ കൊടുത്ത് അടിസ്ഥാന ശാ സനകൾ ലംഘിക്കുകയാണ് പുരോഹിതനും ലേവ്യനും ചെയ്യുന്നത്. അ വരുടെ ന്യായപ്രമാണാടിസ്ഥാനത്തിലുള്ള സ്വയം നീതികരണത്തിന് യേശു അംഗീകാരം നൽകുന്നില്ല.

യെറുശലേം ദേവാലയത്തിലെ ശുശ്രൂഷാ കാലഘട്ടം കഴിഞ്ഞ് പുരോഹിതനും ലേവ്യനും സ്വന്തം കുടുംബങ്ങളിലേയ്ക്ക് മടങ്ങുകയായിരുന്നു എന്ന് ചിന്തിക്കാവുന്നതാണ്. എവിടെ നിന്ന് എങ്ങോട്ട് എന്നത് വ്യ ക്തമായി പറയുന്നില്ലെങ്കിലും ഇവരുടെ യാത്രയെക്കുറിച്ചുള്ള പരാമർശത്തിന് ഉപയോഗിക്കുന്നത് katebeinen എന്ന ക്രിയാപദം ആണ്. അതിന്റെ അർത്ഥം കീഴോട്ടുള്ള യാത്ര (down-trip) എന്നാണ്. അതായത് ഉയർന്ന പ്രദേശമായ യെരുശലേമിൽ നിന്ന് സമുദ്രനിരപ്പിലും താഴെയുള്ള യറീഹോയിലേയ്ക്കാണ് യാത്ര എന്ന സൂചന ഈ പദപ്രയോഗം നൽകുന്നു. യറീഹാ അക്കാലത്ത് പുരോഹിത-ലേവ്യ വംശങ്ങൾക്ക് പ്രിയപ്പെട്ട ഒരു അധിവാസ പ്രദേശമായിരുന്നു. മുറിവേറ്റ് കിടന്ന മനുഷ്യനെ ശ്രദ്ധിക്കാതെ കടന്നുപോയതിന് മറ്റൊരു ന്യായീകരണം ഇവിടെയു്. ദീർഘകാലത്തെ ദേവാലയശുശ്രൂഷ കഴി ഞ്ഞ് തങ്ങളുടെ കുടുംബാംഗങ്ങളെ കാണാനുള്ള തിടുക്കത്തിലായിരുന്നു എന്ന് പറഞ്ഞാൽ ന്യായമായിത്തോന്നാം. അതിനിടയിൽ പൊല്ലാപ്പൊ ന്നും കേറി ഏല്ക്കരുതല്ലോ. എന്നാൽ ഒരു വിശ്വാസിയുടെ-പ്രത്യേകിച്ചും ഒരു മതപുരോഹിതന്റെ-വ്യക്തി, കുടുംബസ്നേഹം നിയോഗപരവും അടിസ്ഥാനപരവുമായ മനുഷ്യസ്നേഹം മറന്നുകൊായിരിക്കരുത്. ആസന്നമരണനായി കിടക്കുന്ന ആളുടെ ആവശ്യത്തിന് കുടുംബ ബാദ്ധ്യതകളേക്കാൾ പ്രാധാന്യം കല്പിക്കേതായിരുന്നു. തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന അടിസ്ഥാന പ്രമാണം പുരോഹിതനും ലേവ്യനും ഇവിടെ ലംഘിക്കുകയാണുായത്. തന്റെ വിശ്വാസസമൂഹത്തിൽ പെട്ട ഒരു വ്യക്തിയാണ് മുറിവേറ്റ് നി ഹായാവസ്ഥയിൽ കിടക്കുന്നതെന്ന ചിന്ത അവർ രുപേർക്കും ഇല്ല. മതപുരോഹിതർ എന്ന നിലയിൽ താരതമ്യേന കവർച്ചക്കാരിൽ നിന്ന് അപകട സാധ്യത കുറഞ്ഞ ഇരുവർക്കും മുറിവേറ്റ വ്യക്തിയെ അവിടെ നിന്ന് രക്ഷപെടുത്തുക എളുപ്പവുമായിരുന്നു.

നമ്മുടെ കൃത്യവിലോപങ്ങൾക്കെല്ലാം മതത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ ഒഴി കഴിവുകൾ കത്തെി നാം സ്വയം മാപ്പാക്കാറുല്ലോ. അതുതന്നെയാണ് ഈ പുരോഹിതവംശജരും ചെയ്തത്. അയൽക്കാരനെ തനിക്കൊപ്പം സ്നേഹിക്കണം എന്ന് പഠിപ്പിക്കുന്ന ഇവർ തന്നെ, തങ്ങളുടെ ലംഘനത്തിന് ന്യായം കത്തെി, സ്വയം മാപ്പുനൽകി മനഃക്ലേശമില്ലാതെ കടന്നുപോകുമ്പോൾ നമ്മുടെ യൊക്കെ പ്രതിനിധികളാണ് ഇവരെന്ന് നാം സ്വയം തിരിച്ചറിയണമെ ന്ന് യേശു ആഗ്രഹിക്കുന്നുാവണം. ചെയ്യുവാൻ അടിസ്ഥാനപരമായി ബാദ്ധ്യതയുള്ള മൗലീക-ധാർമ്മിക കാര്യങ്ങൾ വ്യക്തിപരമായ ഇഷ്ടങ്ങളുടെയോ ആചാരാനുഷ്ഠാനങ്ങ

ളുടെയോ സൗകര്യങ്ങളുടെയോ പേരിൽ മാറ്റിവയ്ക്കുന്നതിന് ശരിയായ ആദ്ധ്യാത്മികത അനുമതി നൽകുന്നില്ല എന്നോർക്കണം.

പിന്നീട് ആ വഴി വരുന്നത് ഒരു ശമര്യാക്കാരനാണ്. രൂപം കൊും വേഷം കൊും അക്കാര്യം ആർക്കും വ്യക്തമാണ്. വ്യാപാരച്ചരക്കുകളുമായാണ് അയാളുടെ യാത്ര. ചുരുങ്ങിയത് എണ്ണ, വീഞ്ഞ്, തുണി എന്നിവയു്. മറ്റെന്തെല്ലാം വ്യാപാരവസ്തുക്കൾ ഉന്നെറിയില്ല. കച്ചവടസാധനങ്ങൾ മൃഗങ്ങളെക്കൊു ചുമപ്പിച്ച് ഏതോ വിപണി ലക്ഷ്യമാക്കി നീങ്ങുന്ന വ്യാപാരിയായ ഒരു ശമര്യനാണിവിടെ രംഗപ്രവേശം നടത്തുന്നത്. ശമര്യൻ യഹൂദന്റെ ദൃഷ്ടിയിൽ ഹീനജാതിക്കാരനാണ്. അശുദ്ധനാണ്. യഹൂദസമൂഹം ശമര്യർക്ക് ഭ്രഷ്ട് കല്പിച്ചിട്ടുമു്. ശമര്യർ വസിക്കുന്ന സ്ഥലങ്ങളിൽക്കൂടി യഹൂദർ യാത്രചെയ്യാറുപോലുമില്ല. അത്രമാത്രം നിന്ദ്യരായിട്ടാണ് യഹൂദർ അവരെ ഗണിച്ചിരുന്നത്. ശമര്യർ യ ഹൂദരെ സംബന്ധിച്ച് വർഗ്ഗശത്രുക്കളായിരുന്നതിനാൽ യാതൊരു സാമൂഹ്യ-മത-വ്യക്തിബന്ധങ്ങളും അവർ തമ്മിൽ നിലനിന്നരുന്നില്ല. അങ്ങനെ, തങ്ങളെ വെറുക്കുന്ന സമുദായത്തി ന്റെ പ്രതിനിധിയാണ് ശമര്യനെ സം ബന്ധിച്ചിടത്തോളം വഴിവക്കിൽ മുറിവേറ്റ് നി ഹായനായി കിടക്കുന്നത്. സാധാരണഗതിയിൽ ആ മനുഷ്യനെ ശ്രദ്ധിക്കേ കാര്യം തന്നെ ശമര്യനില്ല. വ്യക്തിപരമായും സാമുദായികമായും തനിക്ക് യാതൊരു കടപ്പാടുമില്ലാത്ത, തന്നെ വെറുക്കുന്ന, മനുഷ്യന്റെ അടുക്കലാണ് ആ ശമര്യാക്കാരൻ വന്നുപെട്ടിരിക്കുന്നത്.

ശമര്യന്റെ മനോഭാവം എന്തെന്ന് വ്യക്തമാകുന്നു. അവൻ മുറിവേറ്റ് കിടക്കുന്ന യഹൂദനെ കപ്പോൾ അയാളുടെ സമീപത്തേയ്ക്ക് വന്നു. ശമര്യന്റെ ഹൃദയം കരുണാർദ്രമായി. യഹൂദന്റെ മുറിവുകൾ അവൻ വീ ഞ്ഞിൽ കഴുകി. തുണികൊ് വച്ചുകെട്ടി. എണ്ണയും വീഞ്ഞും പുറമേ ഒഴിച്ചുകൊടുത്തു. സമയം നഷ്ടപ്പെടുത്താതെ തന്റെ യാത്രാമൃഗത്തിന്റെ പുറത്തുകയറ്റി ഒരു സത്രത്തിലെത്തിച്ച് ശുശ്രൂഷിച്ചു. കൂടാതെ അവ ന്റെ തുടർചികിത്സയ്ക്കുള്ള എല്ലാ ഏർപ്പാടുകളും ചെയ്തു. ആ രാത്രി അയാളോടൊപ്പം കഴിഞ്ഞു. പിറ്റേന്നാൾ രാവിലെ അവൻ പുറപ്പെടുമ്പോൾ ര് വെള്ളിപ്പണം സത്രക്കാരനെ ഏല്പിച്ചുകൊ് പറഞ്ഞു. "ഇവനെ ശുശ്രൂഷിക്കണം. കൂടുതൽ എന്തെങ്കിലും ചെലവായാൽ തിരികെ വരുമ്പോൾ ഞാൻ തന്നുകൊള്ളാം."

ഉപമയിൽ ശമര്യാക്കാരന്റെ പ്ര തികരണമാണ് ഏറ്റവും ശ്രദ്ധേയം. തന്റെ വിശ്വാസസമൂഹത്തിന്റെയും മത-ആത്മീയ-ആരാധനാകൂട്ടായ്മ യുടെയും കാര്യദർശികൾ മുറിവേറ്റ് കിടന്നവനെ ക് മുഖംതിരിച്ച് കടന്നുപോയ സ്ഥാനത്ത് തികച്ചും അന്യനായ ആ ശമര്യൻ പ്രകടമാക്കിയ സ്നേഹവും ഭൂതദയയും അന്യാദൃ ശമാണ്. ശമര്യൻ യഹൂദന്റെ ദൃഷ്ടിയിൽ വർഗ്ഗശത്രുവും ഹീനനും അശുദ്ധനുമാണ്. എന്നാൽ തന്റെ മുമ്പിൽ മുറിവേറ്റ് നി ഹായനായി കിടക്കു ന്നത് തന്നെ വെറുക്കുന്ന ഒരു യഹൂദനാണെന്ന കാര്യം അവൻ മനഃപൂർവ്വം മറക്കുന്നു. അവൻ അയാളെ കാണുന്നത് തന്റെ മാത്രം സഹായം ആവശ്യമുള്ള, രക്ഷപെടുത്തുവാൻ ദൈവം തന്നെ ഏല്പിച്ച, വ്യക്തി എന്ന നിലയിലാണ്. ആ വ്യക്തിയുടെ അടിയന്തരവും ജീവരക്ഷാപരവുമായ ആവശ്യത്തിനു മുമ്പിൽ കണ്ണടച്ച് കടന്നുപോകുവാൻ അവന്റെ സ്നേഹം അവനെ അനുവദിക്കുന്നില്ല. തന്നെ അകാരണമായി പകയ്ക്കുന്നവന്റെ ദുർവിധിയിൽ സന്തോഷിക്കുന്ന സാ ധാരണ മനുഷ്യന് ഈ ശമര്യാക്കാരന്റെ മാതൃക ഉയർത്തുന്ന വെല്ലുവിളി നിത്യജീവനിലേയ്ക്കുള്ള ആഹ്വാനമായി യേശു അവതരിപ്പിക്കുന്നു.

ഇതിനെ സ്നേഹത്തിന്റെയോ അനുകമ്പയുടെയോ ഒരു നിദർശനമായി മാത്രം കാൽ പോരാ. ആ സ്നേഹത്തിന്റെ പിമ്പിലെ സാഹസികത കൂടി കണക്കിലെടുക്കേതാണ്. വ്യാപാരിയായ ശമര്യാക്കാരന്റെ പക്കൽ വിലപിടിപ്പുള്ള ചരക്കുകളും പണവുമു്. കവർച്ചക്കാരുടെ സാന്നിധ്യം സമീപത്തുതന്നെ സംശയി ക്കണം. കാരണം യഹൂദനെ കവർച്ച ചെയ്തിട്ട് അധികസമയം ആയിട്ടില്ല. മാത്രവുമല്ല, അയാൾ കടന്നുപോകുന്നത് ശത്രുവർഗ്ഗമായ യഹൂദരുടെ മേഖലയിലൂടെയും ആണ്. ഒരു സ ഹായവും പ്രതീക്ഷിക്കാനില്ല. ചുറ്റുപാടുകളെല്ലാം അപകടപൂർണ്ണം. ഈ സാഹചര്യത്തിലാണ് ഏകനായി ഈ ജീവൻ രക്ഷാശ്രമത്തിന് ആ ശമര്യൻ മുതിരുന്നത്. അതിലെ സാഹസികത യും അപകടസാധ്യതയും എത്ര കടുത്തതാണ്! സ്വത്തും ജീവനും അപടകപ്പെടുത്തിയുള്ള സ്നേഹപ്രകടനമാണ്. അതും തന്റെ മുൻജന്മ ശത്രുവർഗ്ഗത്തിൽപ്പെട്ട ഒരു അജ്ഞാതന്റെ ജീവൻ രക്ഷിക്കുന്നതിനുവേി! എന്നാൽ യഹൂദനായ സത്രമുടമയ്ക്ക് പോലും സ്വന്തം സമുദായത്തിലുള്ള ഒരുവന്റെ സംരക്ഷണത്തിന് അന്യ ജാതിക്കാരനായ ശമര്യനിൽ നിന്നും പണം വസൂലാക്കുന്നതിന് യാതൊരു മനഃസാക്ഷി പ്രശ്നവും ഇല്ല. കച്ചവടതാല്പര്യങ്ങൾക്ക് ഉപരിയായുള്ള സ്നേഹപ്രകടനത്തിന് അവനും ത യ്യാറല്ല. പുരോഹിതനെ ിൽ നിന്നും മെച്ചമല്ല ആത്മായനും. വീും കൊള്ളയടിക്കാൻ തക്കംനോക്കി പാറയിടുക്കിൽ പതിയിരുന്ന അക്രമികൾ ഈ ശമര്യാക്കാരന്റെ സ്നേഹപ്രകടനം ക് കവർച്ച ഉപേക്ഷിച്ചിരിക്കണം.

ഈ കഥ ഉപസംഹരിച്ച ശേഷം യേശു ന്യായശാസ്ത്രിയോടു ചോദിക്കുകയാണ്, "കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടവന് ഈ മൂവരിൽ ആർ അയൽക്കാരനായിത്തീർന്നു എന്നു നിനക്കു തോന്നുന്നു?" "അവനോടു കരുണ ചെയ്തവൻ" എന്ന് ശാസ്ത്രി ഉത്തരം പറഞ്ഞു. 'ശമര്യൻ' എന്നവാക്ക് ഉച്ചരിക്കാൻ

**വീുവിചാരം**

# ഈ വിധി ശ്രദ്ധിച്ചോ?

**സുകുമാർ അഴീക്കോട്**

**ഇ**ന്ന് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെടുന്ന ശബ്ദം ഏ താണ്? മന്ത്രിമാരുടേതോ, നേതാക്കളുടേതോ, ഭഗവാന്മാരുടേതോ, സാഹിത്യകാരന്മാരുടെതോ, സിനിമാക്കാരുടേതോ-ആരുടേതാണെന്നാണ് തോന്നുന്നത്?

'അവ ചിന്തയിലൂന്നിടാതെയായി' എന്ന് ആശാൻ പാടിയില്ലേ, അ താണ് ഇപ്പറഞ്ഞ ശബ്ദങ്ങളുടെ സ്ഥിതി. ഇക്കൂട്ടത്തിൽ ആദ്യമാദ്യം പറഞ്ഞവരുടെ ശബ്ദമുന്നെറിഞ്ഞാൽ തിരക്കേറിയ ഏത് തെരുവും ഞൊടിയിട കൊ് നിശൂന്യമാകുന്ന അവസ്ഥ ആയിക്കഴിഞ്ഞിട്ടു്.

ഇന്ന് ജനങ്ങൾ ചെവി കൂർപ്പിച്ച് കേൾക്കുന്ന ശബ്ദം ഒന്നേയൊന്നാണ്-കോടതിയുടെ ശബ്ദം. മുൻപൊക്കെ ഈ ഒച്ച തല്പരകക്ഷികൾ മാത്രമേ ശ്രദ്ധിച്ചിരുന്നുള്ളൂ. ഇന്ന് എല്ലവരും ആ ഒച്ച കേൾക്കാൻ തല്പരരാണ്.

അനീതിയിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കാൻ ആർ ഉദ്യമിക്കുന്നുവോ, ആ ശബ്ദം ശ്രദ്ധിച്ച് ശ്രവിക്കപ്പെടുന്നു.

ഒരുകാലത്ത് ഗാന്ധിജിയുടെയും നെഹ്റുവിന്റെയും ശബ്ദം ജനങ്ങൾ കാതോർത്തുകേൾക്കാൻ കൊതിച്ചിരുന്നതുപോലെ ഇന്ന് വിധികർത്താക്കളുടെ വചനം അവർക്ക് ആശ്വാസം പ്രദാനം ചെയ്യുന്നു.

ഭരണകൂടത്തിനോട് പ്രതിബദ്ധമായ ഒരു ന്യായാധിപവൃന്ദത്തെ നിർമ്മിച്ചെടുക്കാൻ ഒരുകാലത്ത് ഈ നാട്ടിൽ ഒരു ശ്രമം നടന്നിരുന്നു. ഇന്നാകട്ടെ, ന്യായാസനത്തിൽ നിന്നുയരുന്ന ശബ്ദം ദുർഭരണനിപുണരായ നേതാക്കൾക്ക് ഇടിത്തീയായി വന്നുവീഴുന്നു.

സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യാക്കാർക്ക് എന്തിന്റെ പേരിലെങ്കിലും അഭിമാനിക്കാൻ സാധ്യമാണെങ്കിൽ അത് നമ്മുടെ കോടതിയുടെ പേരിലാണ്. ഈ നാട്ടിൽ നീതിയുടെയും ധർമബോധത്തിന്റെ ആദർശധീരതയുടെയും വെളിച്ചം ഏറ്റവും കൂടിനിൽക്കുന്നത് ഇരുളുറഞ്ഞ നമ്മുടെ കോടതിമുറികളിലാണ് എന്ന് വന്നിരിക്കുന്നു.

ലോകത്തിന്റെ വെളിച്ചമായി

---

പോലുമുള്ള മടികൊായിരിക്കണം അയാൾ മറുപ ടി ഇപ്രകാരമാക്കിയത്. യേശു ആ ന്യായ ശാസ്ത്രിയോടു പറഞ്ഞു. "നീയും പോയി അങ്ങനെതന്നെ ചെയ്യുക."

യേശുവിനെ പരീക്ഷിക്കുന്നതിനായി ചോദ്യവുമായെത്തിയ അയാൾ മടങ്ങിപ്പോയത് പകയ്ക്കുന്നവനെ സ്നേഹിതനായി പരിഗണിക്കുന്നതാണ് രക്ഷയുടെ വഴി എന്ന തിരിച്ചറിവോടെയാണ്.

നമ്മെ വെറുക്കുകയും പകയ്ക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നവരെ നമുക്ക് സ്നേഹിതനായി കാണാൻ കഴിയുമോ? എങ്കിൽ മാത്രമേ നാം നിത്യജീവന് അർഹതയുള്ളവരാവുകയുള്ളൂ. അതുകൊണ് ആ ശമര്യൻ ചെയ്തതുപോലെ തന്നെ ചെയ്യുവാൻ യേശു ആ ന്യായശാത്രിയോടു കല്പിച്ചത്.

മനുഷ്യന് രക്ഷ ലഭിക്കുന്നത് ദൈവസ്നേഹം സഹജീവികളോടു പ്രകടിപ്പിക്കുന്നത് മൂലമാണ്. നേതൃ ത്വം പലപ്പോഴും തിരിച്ചറിയാത്ത കാര്യമാണിത്. മറ്റുവിശ്വാസ സമൂഹങ്ങൾ തങ്ങളുടേതിന് ഭീഷണിയാകുമെന്ന് ചിന്തിച്ച് അവയെ തകർക്കാൻ ജനങ്ങൾക്ക് പ്രേരണ നൽകുന്ന മതനേതാക്കൾ ഈ വസ്തുത മനസ്സിലാക്കണം. കേവല മതാനുഷ്ഠാനങ്ങളുടെ ആചരണം മനുഷ്യന് നിത്യജീവൻ നൽകുന്നില്ല. സ്നേഹവും, ത്യാഗവും, ഭൂതദയയും പ്രകടമാക്കുന്ന സാഹചര്യത്തിൽ മാത്രമേ മതജീവിതം മനുഷ്യന് വിമോചനാത്മക (liberative) വും രക്ഷാകര (salvific) വും ആവുകയുള്ളൂ. മതാനുഷ്ഠാനങ്ങൾ അക്ഷരീകമായീ പൂർത്തീകരിച്ച് അന്യന്റെ ആവശ്യങ്ങളുടെ നേരെ കണ്ണടയ്ക്കുന്നവർക്ക് ന്യായങ്ങൾ പലതും പറയാനാകും. തങ്ങളെ വെറുക്കുന്നവരുടെ പോലും നിസഹായാവസ്ഥയിൽ ആത്മമിത്രങ്ങളെന്ന പോലെ അവരെ കരുതുവാൻ കഴിഞ്ഞെങ്കിലേ മതജീവിതത്തിന് വിമോചനസിദ്ധി ലഭ്യമാകൂ. മതം നിത്യജീവലബ്ദിക്ക് സഹായകമാകൂ. യേശു പറയുന്നു:

'നിന്റെ അയൽക്കാരനെ സ്നേഹിക്കുക' എന്നും 'ശത്രുവിനെ വെറുക്കുക' എന്നും അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുല്ലോ.

ഞാനോ നിങ്ങളോടു പറയുന്നു, നിങ്ങൾ നിങ്ങളെ പകയ്ക്കുന്നവരെ സ്നേഹിക്കുവിൻ, നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേി പ്രാർത്ഥിക്കുവിൻ. അങ്ങനെ നിങ്ങളും "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് മക്കളാ യി തീരുന്നു" (വി. മത്തായി 5: 43-45)

വിദ്വേഷവും വെറുപ്പും നിറഞ്ഞ മന ുമായി വിശ്വാസത്തിന്റെ പേരിൽ ഏത് അക്രമവും ചെയ്ത് വഴിതെറ്റി ജീവിക്കുന്നവർ ശ്രദ്ധിക്കുക. തിന്മയിൽ ജനിക്കുകയും അക്രമത്തിൽ വളരുകയും ചെയ്യുന്ന വിശ്വാസം അപകടമാണ്. മനുഷ്യനെ നിത്യജീവനിൽ എത്തിക്കുന്നത് ശത്രുക്കൾക്ക് വേി പോലും സ്വന്തം ജീവൻ അപകടപ്പെടുത്തിക്കൊ് കാണിക്കുന്ന, പ്രതിഫലേച്ഛയില്ലാത്ത സ്നേഹമാണ്. അങ്ങനെയുള്ളവർ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളും യേശുവിന്റെ സഹോദരങ്ങളുമായിത്തീ രുന്നു.

●

നിന്നുകത്തിയ ഒരു ദേശത്ത് എവിടെയെങ്കിലും വെളിച്ചം കത്തിനിൽക്കേ? അതാണ് ന്യായാസന പ്രകാശം.

കോടതിയെ വാഴ്ത്തിക്കൊ് ഞാൻ ഈ വരികൾ എഴുതുമ്പോൾ നിങ്ങളുടെ മന ില്‍ എതിരായി ഉയരുന്ന വിധിപ്രസ്താവങ്ങൾ പലതുന്ന് എനിക്കറിയാം. എന്റെ മന ിലും അവ മാറ്റൊലിക്കൊള്ളുന്നില്ലെന്നില്ല. ('നീതിമന്ദിരങ്ങളുടെ വാതിലുകൾ എന്ന പ്രബന്ധം നോക്കുക').

പക്ഷേ, ഞാനിവിടെ എഴുതുന്നത് അതിനെപ്പറ്റിയൊന്നുമല്ല. പത്രം വായിക്കുന്നവരിൽ നൂറിന് തൊണ്ണൂറുപേരും ശ്രദ്ധിക്കാതെ കടന്നുപോയ ഒരു തീർപ്പിനെക്കുറിച്ചാണ് ഇവിടെ എഴുതാൻ പുറപ്പെടുന്നത്.

ഇപ്പോൾ ഈ നാട്ടിൽ ശങ്കരാനന്ദ് എന്നൊരാളു്. മുൻ കേന്ദ്രമന്ത്രി, മുമ്പ് ബോഫോഴ്സ് അന്വേഷണത്തിൽ സംയുക്ത പാർലമെന്ററി കമ്മിറ്റിയുടെ ചെയർമാനായിരുന്ന ആൾ.

ഇത്രകാലം പലപല പദവികളിലിരുന്ന് 'പരമപാവന കീർത്തി ഭൂമാവാ'യിക്കഴിയുന്ന അദ്ദേഹം ഇക്കഴിഞ്ഞ ഫെബ്രുവരി ഒടുക്കം ഇന്ത്യയിലെ ഡോക്ടർമാരുടെ അഖിലേന്ത്യാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണസമിതിയുടെ ചെയർമാനുമായിരുന്നു.

ഇപ്പോഴോ? അവിടെ നിന്ന് താഴത്ത് ഇറക്കപ്പെട്ടു. ഇറക്കിയത് കോടതിയായിരുന്നു-ഡൽഹി ഹൈക്കോടതി.

ആ സ്ഥാനത്തിരിക്കാൻ അദ്ദേഹം ഒട്ടുമേ യോഗ്യനല്ലത്രേ!

മുൻ, മുൻ, മുൻ എന്ന് എത്രയോ പൂർവ്വ ബഹുമതികൾ പേറി നടക്കാൻ ബുദ്ധിമുട്ടുന്ന ഈ പ്രഗത്ഭ നേതാവ് ഒരു വൈദ്യസംഘത്തിന്റെ മേധാവിയാകാൻ യോഗ്യനല്ലെന്നോ? അത്ര അയോഗ്യനായ ഒരാളെ നമ്മുടെ പവിത്രമായ നാട്ടിൽ ഇക്കാലത്ത് ആരെങ്കിലും നിയമിക്കുമോ?

ശങ്കരാനന്ദിന് ആ സ്ഥാനത്തിരിക്കാൻ ഒരു അർഹതയും ഇല്ലെന്നു മന ിലാക്കാൻ അമിതബുദ്ധിയൊന്നും ആവശ്യമില്ല. കോടതി ഒരു ചെ റിയ വസ്തുത ചൂിക്കാട്ടി- എ.ഐ.ഐ.എം.എസ്. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്ന സ്ഥാപനത്തിൽ നോമിനേറ്റ് ചെയ്യപ്പെടാൻ ആക്ടീവ് നിർദ്ദേശിച്ച മൗലീക യോഗ്യത ഇല്ലാതെയാണ് അദ്ദേഹത്തെ 'ആരോ' അവിടേയ്ക്ക് നിർദ്ദേശിച്ചത്.

നോമിനേറ്റ് ചെയ്ത മെമ്പർ മന്ത്രിയും ആയിരുന്നു.

ഇത്ത ര ത്തിൽ അവത രിച്ച ആൾ ക്ക് ഏത് വകുപ്പാണ് ഭരിച്ചുകൂടാത്തത്? എന്തിന്റെ ചെയർമാനാണ് ആകാൻ പാടില്ലാത്തത്? അങ്ങനെ സസുഖം സിംഹഗുഹയിൽ കുറെക്കാലം പാർത്ത സ്യംഗാലത്തെ ചെ ന്നായ്കൾ പുറത്തുചാടിച്ചു കളഞ്ഞു.

ചെന്നായയെപ്പോലെ കുറ്റം മണത്തുനടന്ന് അക്രമവീരന്മാരെ പ ിടികൂടുന്ന കോടതി ശങ്കരാനന്ദിന്റെ കീർത്തിയുടെ പരിമളം മണത്തുനോക്കാനേ പോയില്ല.

അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ ഒന്നുകൂടെ സ്മരിക്കട്ടെ-കേന്ദ്രമന്ത്രി പദത്തിൽ നിന്ന് പുറന്തള്ളപ്പെട്ടിട്ട് എന്തെങ്കിലും മുറുമുറുപ്പ് നടത്തി യോ? ബോഫോഴ്സ് അപവാദം അ ന്വേഷിച്ച് ഒരു തെറ്റും സംഭവിച്ചില്ലെന്ന തീർപ്പ് വഴി ന ാടിന്റെ മാനം കാത്തി ല്ലേ? ഓഹരി കുംഭകോണത്തിൽ പെ ട്ടിട്ടും പ ുറത്താക്കപ്പെടുന്നതുവരെ രാജി വയ്ക്കാതെ മന്ത്രിസഭയിൽ ഉറച്ചു നിന്നില്ലേ?

എട്ട് തവണ ഒരേ നിയോജക മണ്ഡലത്തിൽ നിന്ന് എം.പി.യായി തെരഞ്ഞെടുക്കപ്പെട്ട ആളല്ലേ?

ഇത്ര മാനസികമായ ആരോഗ്യവും കർമ്മ കഠോരതയും (അല്ല, ചർമ്മ കഠോരതയോ?) ഉള്ള ഒരാൾക്ക് ഡോക്ടർമാരുടെ അഖിലേന്ത്യാ സംഘടനയുടെ അദ്ധ്യക്ഷനായിരിക്കാൻ പാടില്ലെന്ന കോടതിവിധി, ഈ നാട്ടിൽ മേലിൽ രാഷ്ട്രീയ പ്രതിഭകളുടെ കൂമ്പടയ്ക്കുമെന്നതിൽ എനി ക്ക് സംശയമില്ല.

പക്ഷേ, ജനങ്ങൾ ഈ മഹിമകളൊന്നും കേൾക്കാൻ കൂട്ടാക്കുന്നില്ല. ശങ്കരാനന്ദിന്റെ മകനെ ഈ കൃതഘ്നമായ ജനം ചിക്കൊടി പാർലമെന്റ് നിയോജക മണ്ഡലത്തിൽ പെടുന്ന അസംബ്ലി മണ്ഡലത്തിൽ നിന്ന് കഴിഞ്ഞ തവണ തോല്പിച്ചുവിടുകയുമുായി.

ഈ ജനങ്ങൾ ഇപ്പോൾ ആരുടെയെങ്കിലും വാക്ക് കേൾക്കുന്നുെങ്കിൽ അത് ഇത്തരം വിശിഷ്ട നേതാക്കളെ നിയമത്തിന്റെ പേരിൽ തേജോവധം ചെയ്യുന്ന കോടതിയുടേതാണ്.

ശങ്കരാനന്ദിന് സ്വാന്തനം നൽകാൻ പറ്റിയ മികച്ച ഒരു ഉദ്ധരണി കിട്ടാൻ പുസ്തകങ്ങൾ തപ്പിനോക്കിയിട്ട് ആകെ കിട്ടിയത് ഇതാണ്-

## അദ്ധ്യാപക പരിശീലനം

പാമ്പാക്കുട: ഒക്ടോബർ 5, 6 (ബുധൻ, വ്യാഴം) തീയതികളിൽ കനാട് (ഈസ്റ്റ്) ഭദ്രാസന അദ്ധ്യാപക പരിശീലനം പാമ്പാക്കുട സമന്വയയിൽ നടത്തി. മാമലശ്ശേരി ഡിസ്ട്രിക്റ്റ് പ്രസിഡന്റ് ഫാ. ജോർജ്ജ് വേമ്പനാട്ടിന്റെ ആമുഖസന്ദേശത്തെ തുടർന്ന് എല്ലാ അദ്ധ്യാപകരും തിരികൊളുത്തിപ്പിടിച്ച് പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് ്ര ദിവസങ്ങളിലായി ശ്രീമതി ദിവ്യാ ഉമ്മൻ, ഫാ. ഷിബു കുര്യൻ, ഫാ. തോംസൺ റോബി, ഡോ. സാം വി. ഡാനിയേൽ എന്നിവർ ക്ലാ ടുത്തു. "ബൈബിൾ & ദി ചർച്ച് 1" എന്ന പ്രശ്നോത്തരി ഫാ. ഏലിയാസ് ചെറുകാട് നയിച്ചു. അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനി സമാപനസന്ദേശം നൽകി. അദ്ധ്യാപകർക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്തു. ഭദ്രാസന ഡയറക്ടർ ഫാ. കെ.വി. ഏലിയാസ്, സെക്രട്ടറി കെ.എം. ജോസഫ്, ഡിസ്ട്രിക്ട് പ്രസിഡന്റുമാരായ ഫാ. ജോർജ്ജ് വേമ്പനാട്ട്, ഫാ. മാത്യൂസ് കാഞ്ഞിരംപാറ എന്നിവർ പരിശീലനപരപാടികൾക്ക് നേതൃത്വം നൽകി.

## കനാട് ഈസ്റ്റ് ഭദ്രാസന പ്രതിനിധിയോഗം നടന്നു

കനാട് ഈസ്റ്റ് ഭദ്രാസന വാർഷികപൊതുയോഗം സെപ്റ്റം ബർ 21 ബുധനാഴ്ച മൂവാറ്റുപുഴ അരമന പ്പള്ളിയിൽ വച്ച് നടന്നു. ഭദ്രാസനമെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് അദ്ധ്യക്ഷത വഹിച്ചു. സഭയുടെ കൽക്കട്ട ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് ആമുഖപ്രഭാഷണം നടത്തി. പരിപാടിയുടെ ആരംഭമായി വിവിധ ഇടവകകളിൽ നിന്ന് തെരഞ്ഞെടുത്ത ആത്മായ നേതൃത്വ പരിശീലന കോഴ്സ് പൂർത്തിയാക്കിയ 22 പേർക്ക് സർട്ടിഫിക്കറ്റുകൾ അഭി. തിരുമേനി വിതരണം ചെയ്തു. തുടർന്ന് ഭദ്രാസനത്തിന്റെ 2010–2011 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കും 2011–2012 വർഷത്തേയ്ക്കുള്ള ബഡ്ജറ്റും ഭദ്രാസന സെക്രട്ടറി ഫാ. എബ്രാഹാം കാരാമ്മേൽ യോഗത്തിൽ അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കും ബഡ്ജറ്റും യോഗം പാ ാക്കി. കോലഞ്ചേരി സെയ്ന്റ് പീറ്റേഴ്സ് & സെയ്ന്റ് പോൾസ് പള്ളി സംബന്ധിച്ചുായ കോടതിവിധി നടപ്പാക്കണമെന്ന് ആ വശ്യപ്പെട്ട് പരി. കാതോലിക്കാബാവായും ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും നടത്തിവന്ന ഉപവാസത്തെ തുടർന്ന് കോടതി വിധി നടപ്പാക്കുമെന്ന് രേഖാമൂലം ഉറപ്പുതന്ന കേരളാ സർക്കാ രിന് അഭിനന്ദനങ്ങൾ നേർന്നുകൊുള്ള പ്രമേയം യോഗം ഏകകണ്ഠമായി പാ ാക്കി. ജനാധിപത്യ സംവിധാനത്തിൽ ആരുടെയും മുഖം നോക്കാതെ കോടതിവിധികൾ നടപ്പാക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് യോഗം അഭ്യർത്ഥിച്ചു. വരും മാസങ്ങളിലേയ്ക്കുള്ള ഭദ്രാസനത്തിന്റെ വിവിധ കർമ്മപരിപാടികൾക്ക് യോഗം അംഗീകാരം നൽകി. ആത്മായ നേതൃത്വപരിശീലന പരിപാടി പൂർത്തിയാക്കിയവരെ കോഴ്സ് കോ-ഓർഡിനേറ്റർ ജിജി ജോൺ സൺ യോഗത്തിന് പരിചയപ്പെടുത്തി. ഭദ്രാസന സെക്രട്ടറി ഫാ. എ ബ്രാഹാം കാരാമ്മേൽ സ്വാഗതവും ഭദ്രാസന ഓഫീസ് മാനേജർ ഫാ. മേരിദാസ് സ്റ്റീഫൻ

## മലങ്കര അസോസിയേഷൻ പത്തനംതിട്ടയിൽ

കോട്ടയം: മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം 2012 മാർച്ച് 7 ന് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് അങ്കണത്തിൽ ചേരാൻ പരി. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ അദ്ധ്യക്ഷതയിൽ പഴയ സെമിനാരിയിൽ ചേർന്ന സഭാമാനേജിംഗ് കമ്മറ്റിയോഗം തീരുമാനിച്ചു. അടുത്ത അഞ്ച് വർഷത്തേയ്ക്കുള്ള സഭാമാനേജിംഗ് കമ്മറ്റിയംഗങ്ങൾ, വൈദീക ട്രസ്റ്റി, ആത്മായ ട്രസ്റ്റി എന്നിവരെ യോഗം തെരഞ്ഞെടുക്കും. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന മാനേജിംഗ് കമ്മറ്റിയോഗം അടുത്ത അസോസിയേഷൻ സെക്രട്ടറിയെ തെരഞ്ഞെടുക്കും. സഭാമാനേജിംഗ് കമ്മറ്റിയിലേയ്ക്ക് 43 വൈദീകരും 86 അത്മായരും ഉൾപ്പെടെ ആകെ 129 പേരെയാണ് തിരഞ്ഞെടുക്കേത്. ഇതിൽ കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം, മലബാർ എന്നീ ഭദ്രാസനങ്ങൾക്ക് നാല് അത്മായരും ര് വൈദീകരും ഉൾപ്പെടെ ആറ് അംഗങ്ങൾ ഉാകും. ഭദ്രാസനങ്ങളിലെ പള്ളികളുടെ എണ്ണമനുസരിച്ച് മറ്റു ഭദ്രാസനങ്ങളിൽ നിന്നുള്ള മാനേ ജിംഗ് കമ്മറ്റിയംഗങ്ങളുടെ എണ്ണം പുനഃക്രമീകരിച്ചിട്ടു. അസോസിയേഷൻ നടപടികൾക്ക് ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷനായുള്ള ട്രൈബൂണലിനെ യോഗം തെരഞ്ഞെടുത്തു.

## ഭദ്രാസന സഹപാഠ്യമത്സരം

പാമ്പാക്കുട: പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സൺഡേസ്കൂൾ അസോസിയേഷൻ കനാട് (ഈസ്റ്റ്) ഭദ്രാസനം സഹപാഠ്യമത്സരം 2011 ഒക്ടോബർ 8–ാം തീയതി ശനിയാഴ്ച സമന്വയയിൽ നടന്നു. 47 പോയിന്റ് ലഭിച്ച മാമലശ്ശേരി ഡിസ്ട്രിക്ട് മെട്രോപൊലീത്തൻ ട്രോഫിയും 38 പോയിന്റോടെ രാം സ്ഥാനക്കാരായ മൂവാറ്റുപുഴ ഡിസ്ട്രിക്ട് ശ്രീ. എം. സി. പൗലോസ് മെമ്മോറിയൽ ട്രോഫിയും നേടി. പ്രസംഗത്തിന് കൂടുതൽ പോയിന്റ് നേടുന്ന ഡിസ്ട്രിക്ടിന് നൽകാനുള്ള തേരോത്ത് സേവ്യർ & ഏലമ്മ മെമ്മോറിയൽ ട്രോഫി 16 പോയിന്റ് നേടി മാമലശ്ശേരി ഡിസ്ട്രിക്ട് കരസ്ഥമാക്കി. വിജയികൾക്ക് ഭദ്രാസനമെത്രാപ്പോലീത്ത സർട്ടിഫിക്കറ്റുകളും സമ്മാനവും ട്രോഫികളും

## വാർഷിക സമ്മേളനം

ഡൽഹി: മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം പ്ലാ റ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനവും 75–ാം വാർ ഷിക സമ്മേളനവും സംയുക്തമായി ഈ മാസം 5, 6, 7, 8 തീയതികളിൽ ഡൽഹി ഹോസ്ഖാസ് സെയ്ന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്നു. അഞ്ചാം തീയതി പരി. കാതോലിക്കാബാവ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഡൽഹി ലഫ്. ഗവർണർ തേജീന്ദർ ഖന്നായും കേന്ദ്രമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനും പങ്കെടുത്തു. തുടർന്നുള്ള ദിവസങ്ങളിൽ 'മാർത്തോമ്മാ പൈതൃക പഠനവും തിരിച്ചറിവിന്റെ പഠനങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണങ്ങളും ചർച്ചകളും നടന്നു. 8–ാം തീയതി ശനിയാഴ്ച നടന്ന സമാപന സമ്മേളനത്തിൽ കേന്ദ്രമന്ത്രി കെ.സി. വേണുഗോപ

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha